കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പോർക്കുളം ഗ്രാമ പഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)1371/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680020
ഫോൺ : 0487-2331249
ഇ-മെയിൽ : dotsr.ksad@kerala.gov.in
തീയതി.04/10/18

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
പോർക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പോർക്കുളം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നത് സംബന്ധിച്ച്

*********************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3, 2-9 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-3, 3-6, 3-8, 3-9, 3-16, 3-17, 3-18 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി6)1371/2018, തിയ്യതി.04/10/18

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-08-2017 മുതൽ 13.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സുധാദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.07.2018 മുതൽ 25.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീശൻ.എൻ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി.വിജയശ്രീ.പി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിദ്യ വിക്രമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ലിഷ.കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രേഖ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഓമന ബാബു | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. അശോക് കുമാർ | 01-04-2017 മുതൽ 31-05-2017 വരെ |
| | ശ്രീ.ആർ.ശ്യാംകുമാർ | 01-06-2017 മുതൽ 18-06-2017 വരെ |
| | ശ്രീമതി. ഷൈബ ഗോപാൽ | 19-06-2017 മുതൽ 31-03-2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ജ്യോതിരാജ്. പി.എസ് | 01-04-2017 മുതൽ 01-11-2017 FN വരെ |
| | ശ്രീ.പ്രസൂൺ.പി.പി. | 1-11-2017 AN മുതൽ 31-03-2018 |

| | | |
|---|---|---|
| | | വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ജയശ്രീ.ഇ. | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. | ശ്രീമതി.രോഹിണി.ടി.ജെ | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. | ശ്രീ. ഷക്കീർ.ടി.വി | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബൈജു.ഇ.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. കവിത.പി.കെ. | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഇഷ ബ്രൂസ് | 01-04-2017 മുതൽ 12-12-2017 FN വരെ |
| | ഡോ. ബിന്ദു.പി.എസ്. | 12-12-2017 AN മുതൽ 08-01-2018 FN വരെ |
| | ഡോ. ഇഷ. ബ്രൂഷ് | 08-01-2018 ANമുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ആൻസ് ജോസ് | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ശശിധരൻ. പി.എസ് | 01-04-2017 മുതൽ 26-04-2017 വരെ |
| | | 27-04-2017മുതൽ 16-06-2017വരെ ഒഴിവ് |
| | ശ്രീമതി. ഷീജ. എൻ. വി | 17-06-2017 മുതൽ 31-03-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മഞ്ജുഷ | 01-04-2017 മുതൽ 24-11-2017 വരെ |
| | ശ്രീമതി. ജിഷ. കെ.ജി | 25-11-2017 മുതൽ 31-03-2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി | 2-1 |
| 14 | ബഡ്ജറ്റ് | 2-2 |
| 15 | ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസമാഹരണം ആരംഭിച്ചിട്ടില്ല. | 2-3 |
| 16 | സ്ഥാപന തൊഴിൽ നികുതി - അപാകതകൾ | 2-4 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി-അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയിട്ടില്ല | 2-5 |
| 18 | ഡി&ഒ ലൈസൻസ് അപാകതകൾ | 2-6 |
| 19 | മത്സ്യ ലേലം - ലേലത്തുക കുറയുന്നു | 2-7 |
| 20 | പെർമിറ്റ്- അപാകതകൾ | 2-8 |
| 21 | വസ്തു നികുതി -സാംഖ്യ സഞ്ചയ അവലോകനം | 2-9 |
| 22 | പൊതു ഭരണം | 3-1 |
| 23 | വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | 3-2 |
| 24 | കൃഷി | 3-3 |
| 25 | മൃഗ സംരക്ഷണം | 3-4 |
| 26 | ക്ഷീര വികസനം | 3-5 |
| 27 | പൊതുമരാമത്ത് | 3-6 |
| 28 | ഊർജ്ജം | 3-7 |
| 29 | തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി, തെരുവ് വിളക്കുകൾക്കാവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - കൃത്യമായ അടിസ്ഥാന വിവരങ്ങളും കണക്കുകളുടെയും അഭാവത്തിൽ പദ്ധതി നിർവ്വഹണം നടത്തി | 3-8 |
| 30 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -എസ്റ്റിമേറ്റ് ലഭ്യമാക്കാതെയും, കരാറിൽ ഏർപ്പെടുന്നതിന് മുൻപും തുക ഡെപ്പോസിറ്റ് നല്കി | 3-9 |
| 31 | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | 3-10 |
| 32 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട -ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടില്ല | 3-11 |
| 33 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതികളിലെ അപാകത | 3-12 |
| 34 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതികളിലെ നടത്തിപ്പിലെ അപാകതകൾ | 3-13 |
| 35 | വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-14 |
| 36 | ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് | 3-15 |

| | | |
|---|---|---|
| | കമ്മിറ്റി | |
| 37 | മാലിന്യ സംസ്കരണം-ജെ.എൽ.ജി ഗ്രൂപ്പിന് റിവോൾവിങ്ങ് ഫണ്ട് നല്കി-പദ്ധതി ആരംഭിച്ചിട്ടില്ല | 3-16 |
| 38 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ -ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല | 3-17 |
| 39 | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ - തുക നല്കിയിട്ടും മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-18 |
| 40 | എയ്ഡഡ് സ്കൂളിലേക്ക് പഠനോപകരണങ്ങൾ -ആവശ്യകത നിർണ്ണയിക്കാതെയും, ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത സ്ഥാപനത്തിന് ഉപകരണങ്ങൾ നല്കി | 3-19 |
| 41 | മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതികളിലെ അപാകതകൾ | 3-20 |
| 42 | ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല | 3-21 |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 46 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 47 | സ്ഥിര നിക്ഷേപം | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 50 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 53 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 54 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 27-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 06-06-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25-06-2018 മുതൽ<br>26-07-2018 വരെ | കെ.എസ്.എ.ടി.എസ്.ആർ.<br>(ഇ3)1150/18(62)<br>തീയതി. 10-07-18 |

കേരള വാട്ടർ അതോറിറ്റിയുടെ തൻവർഷം ഡെപ്പോസിറ്റ് ചെയ്ത 221000/- രൂപ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18, Advance to implementing agencies - deposit with Kerala Water Authority എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഖണ്ഡിക 3-9 അവസാന ഖണ്ഡിക കാണുക).

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 50,45,833 |
| വരവ് | 4,36,49,607 |
| ആകെ | 4,86,95,440 |
| ചെലവ് | 4,57,65,794 |
| നീക്കിയിരിപ്പ് | 29,29,646 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | -- | 7939000 | 7939000 | 7844163 | 94837 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | -- | 5568598 | 5568598 | 4197012 | 1371586 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | -- | 5998 | 5998 | -- | 5998 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | -- | 9720000 | 9720000 | 9718202 | 1798 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | -- | 2591000 | 2591000 | 2555111 | 35889 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | -- | 3672290 | 3672290 | 2901184 | 771106 |
| കെ.എൽ.ജി.എസ്.ഡി.പി (ACR പ്രകാരം) | | -- | 1661266 | 1661266 | 1623421 | 37845 |
| സാക്ഷരത | | 76006 | 97060 | 173066 | 97060 | 76006 |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 10027493 | 10027493 | 10027493 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1662 | 743568 | 745230 | 744211 | 1019 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 30000 | - | 30000 | - | 30000 |
| | ICDS | 521331 | 237669 | 759000 | 397788 | 361212 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -- | 1490000 | 1490000 | 689999 | 800001 |
| | ജില്ലാ പഞ്ചായത്ത് | | 160000 | 160000 | 104400 | 55600 |
| ബി ഫണ്ട് | | | 25655100 | 25655100 | 25655100 | - |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 5526000 | 5526000 | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3208314 | 4690259 | 7898573 | 6207608 | 1690965 |
| | ട്രഷറി അക്കൗണ്ട് | 1689442 | 5845253 | 7534695 | 7383868 | 150827 |
| മറ്റിനം | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 50964698 | 130 | 30513235 | 7 | - | 74.71 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) സാംസ്കാരിക നിലയം ഹാളിലേക്ക് കസേര
2) പട്ടിക വർഗ്ഗ ഉപ പദ്ധതി ഫണ്ട് തിരിച്ചടവ്
3) അംഗൻവാടി, സ്കൂൾ എന്നിവിടങ്ങളിലേക്ക് ആനുകാലികങ്ങൾ
4) സാംസ്കാരിക നിലയം ലൈബ്രറിയിലേക്ക് മേശ, കസേര, ഷെൽഫ്
5) അംഗൻവാടിക്ക് സ്ഥലംവാങ്ങൽ
7) മഴവെള്ളം കിണറിലേക്ക് റീച്ചാർജ്ജ് ചെയ്യൽ
8) ഐ.എ.വൈ. അധിക വിഹിതം (124)
9) ഐ.എ.വൈ. അധിക വിഹിതം (126)
10) ബോധവൽക്കരണത്തിന് ലാപ് ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ മുതലായവ വാങ്ങൽ
11) കിണർ റീച്ചാർജ്ജിംഗ് എസ്.സി.
12) ഹൈമാസ്റ്റ് ലൈറ്റ് എസ്.സി കോളനിയിൽ സ്ഥാപിക്കൽ
13) പഞ്ചായത്ത് ഓഫീസ് നവീകരണം
14) ഭിന്നശേഷിക്കാർക്ക് ഫർണിച്ചർ വാങ്ങൽ
15) പഞ്ചായത്ത് ഓഫീസ് പുനർ വൈദ്യുതീകരണം
16) എസ്.സി. വനിതകൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷയും പരിശീലനവും
17) കറവ പശുക്കൾക്കുള്ള ഇൻഷ്വറൻസ്
18) എസ്.സി. വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം –ഗാർമെന്റ് യൂണിറ്റ്
19) ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ഐ.എ.വൈ. പട്ടിക ജാതി വികസന വിഭാഗം ഗുണഭോക്താക്കൾക്ക് ഭവന പൂർത്തീകരണത്തിന് ധന സഹായം ഫണ്ട് അനുവദിക്കൽ
20) അക്ഷര ലക്ഷം പദ്ധതിയിൽ പരിശീലകർക്ക് ഓണറേറിയം അനുവദിക്കൽ

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1662 | 743568 | 745230 | 744211 | 1019 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 10027493 | 10027493 | 10027493 | NIL |
| | 1662 | 10771061 | 10772723 | 10771704 | 1019 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15000 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 2344900 | 209 |

| | | |
|---|---|---|
| വിധവാപെൻഷൻ | 9089100 | 801 |
| വാർദ്ധക്യകാലപെൻഷൻ | 11208900 | 975 |
| വികലാംഗപെൻഷൻ | 1701700 | 148 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1295500 | 115 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-07-2018-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5675/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ല.

4. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

5. പല പദ്ധതികളിലും പർച്ചേയ്സ് ഓർഡർ, കരാറുകൾ, വർക്ക് ഓർഡർ എന്നിവ ചമച്ചുകാണുന്നില്ല.

6. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

7. പെൻഷൻ അപേക്ഷ രജിസ്റ്ററുകളിൽ അപേക്ഷ തീർപ്പാക്കിയതു സംബന്ധിച്ച വിവരങ്ങളും, കൂടാതെ എല്ലാ ഡി.ആന്റ്.ഒ ലൈസൻസിനുള്ള അപേക്ഷകളിലും പഞ്ചായത്തു സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തിക്കൊണ്ടുള്ള സാക്ഷ്യപ്പെടുത്തലും ഇല്ല.

8. പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

9. ജീവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്ററർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

10. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

11. വിവരാവകാശ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പലതും മേലുദ്യോഗസ്ഥൻ പരിശോധിച്ച് ഒപ്പുവെക്കുന്നില്ല. 4-4-17, 5-4-17, 7-4-17, 17-4-17, 3-5-17, 20-5-17, 23-5-17, 25-5-17, 29-5-17 എന്നീ തീയതികളിൽ ലഭിച്ച വിവരാവകാശ അപേക്ഷകൾ തീർപ്പാക്കിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.

12. ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. (18-3-2003-ലെ സ.ഉ. 92/2003, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ.)

13. ഇ ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

14. ലൈഫ് മിഷന് വേണ്ടി ഭവന നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും തുക വരവ് വന്നില്ല.

15.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടേയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമസഭ മിനിറ്റ്സ് ബുക്കുകൾ

പലതിലും വാർഡ് മെമ്പർ, ഗ്രാമസഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല.

16. സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊണ്ടുകൊണ്ടല്ല പദ്ധതികൾ രൂപീകരിക്കപ്പെടുന്നത്.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-07-2018 മുതൽ 11-07-2018 വരെ | 06-2018 | NIL |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-07-2005 മുതൽ 27-07-2005 വരെ | 1997 –98 TO 2004-2005 | 31-08-2005 |

## 1-12 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളിലെ താഴെ പറയുന്ന ശീർഷകങ്ങളിലെ ഡിമാന്റ്, തൻവർഷ വരവ്, നീക്കിയിരിപ്പ് എന്നിവ അതതു രജിസ്റ്ററുകളിലെ സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നില്ല.

| ശീർഷകം | | ഡിമാന്റ് | തൻവർഷ വരവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| തൊഴിൽനികുതി-ജീവനക്കാർ | വാർഷിക കണക്കുകൾ | 736270 | 723770 | 0 |
| | രജിസ്റ്ററുകൾ | 745000 | 736270 | 8730 |
| ഡി&ഒ ലൈസൻസ് ഫീ | വാർഷിക കണക്കുകൾ | 90840 | 50380+ 40460 (Advance collection 16-17) | 0 |
| | രജിസ്റ്ററുകൾ | 49830 | 49830 | 0 |
| തൊഴിൽനികുതി ട്രേഡേഴ്സ് | വാർഷിക കണക്കുകൾ | 268090 | 184410+83680 (Advance collection 16-17) | 0 |
| | രജിസ്റ്ററുകൾ | 177850 | 177850 | 0 |
| Rent from Auditorium and halls | വാർഷിക കണക്കുകൾ | 58500 | 58500 | 0 |
| | രജിസ്റ്ററുകൾ | 65500 | 65500 | 0 |

തൊഴിൽനികുതി - ജീവനക്കാർ

ഓഡിറ്റ് എൻക്വയറി നം.3/25.06.18 ന് നൽകിയ മറുപടിയിൽ ഈ ശീർഷകത്തിലെ നീക്കിയിരിപ്പ് തുക (8730രൂപ) 2018 ഏപ്രിൽ മാസത്തിൽ മാത്രമാണ് അടവാക്കിയതെന്ന് പറയുന്നു. എന്നാൽ ഈ തുക വാർഷിക കണക്കുകളിലെ B-15 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടില്ല.

2) വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, വരവ്, കുടിശ്ശിക എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറുമായി പൊരുത്തപ്പെടുന്നില്ല.

| വസ്തുനികുതി | സാംഖ്യ | സഞ്ചയ | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| തൻവർഷം (റസിഡൻഷ്യൽ) | | | | |

| | | | | |
|---|---|---|---|---|
| ഡിമാന്റ് | 1410907 | 1410427 | 480 | ഇതുകൂടാതെ സാംഖ്യ സഞ്ചയ എന്നിവയിൽ അതതു ഡിമാന്റുകളിൽ നിന്നും വരവ് കുറച്ചാൽ യഥാക്രമം 308369 രൂപ, 293535 രൂപയുമാണ് നീക്കിയിരിപ്പ് കാണേണ്ടത് |
| വരവ് | 1102538 | 11168927 | 14354 | |
| നീക്കിയിരിപ്പ് | 127831 | 118699 | 9132 | |
| തൻവർഷം (നോൺ റസിഡൻഷ്യൽ) | | | | |
| ഡിമാന്റ് | 841363 | 841363 | വ്യത്യാസമില്ല | എന്നാൽ സാംഖ്യ സഞ്ചയ എന്നിവയിൽ അതതു ഡിമാന്റിൽ നിന്നും വരവ് കുറച്ചാൽ യഥാക്രമം 174909 രൂപയും 169096 രൂപയുമാണ് യഥാർത്ഥത്തിൽ നിക്കിയിരിപ്പ് കാണേണ്ടത്. |
| വരവ് | 666454 | 672267 | 5813 | |
| ബാലൻസ് | 88927 | 83808 | 5119 | |
| കുടിശ്ശിക (റസിഡൻഷ്യൽ) + (നോൺ റസിഡൻഷ്യൽ) | | | | |
| ഡിമാന്റ് | 942797 | 729549 | 213243 | സാംഖ്യ സഞ്ചയ എന്നിവയിൽ അതത് ഡിമാന്റിൽ നിന്നും വരവ് കുറച്ചാൽ യഥാക്രമം 347990 രൂപയും 121034 രൂപയുമാണ് യഥാർത്ഥത്തിൽ നീക്കിയിരിപ്പ് കാണേണ്ടത്. |
| വരവ് (As per B15 of 2016-17) | 594807 | 608515 | 13708 | |
| നീക്കിയിരിപ്പ് | 210304 (with L.C) | 0 | 210304 | |

സഞ്ചയ സാംഖ്യ പ്രകാരം കണക്കാക്കിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് പത്രികകളിലെ 'Mathematical Accuracy' പോലും ഉറപ്പ് വരുത്തുവാൻ സാധിച്ചില്ല.

3) സാക്ഷരത, സ്വാഭിമാൻ അക്കൗണ്ടുകളുടെ പാസ്സ് ബുക്കുകളിൽ 31.03.2017 വരെയുള്ള രേഖപ്പെടുത്തലുകളേയുള്ളൂ. ആയതിന്റെ ബാങ്ക് ബുക്കുകൾ, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് നൽകിയിട്ടില്ല. ആയതിനാൽ മേൽ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

4) ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ B-11 ഷെഡ്യൂളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പാക്കാനായില്ല.

5) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Net cash generated തുക വാർഷിക കണക്കുകളിലെ Net increase/decrease in cash and cash equivalent തുകയുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുക - (3449987)

വാർഷിക കണക്കുകളിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസം - (2116187)

7) അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

8) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(2) (എഫ്) എന്നിവ പ്രകാരം വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017/ത.സ്വ.ഭ.വ തീ.29.3.2017-ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ 13(1), 13(1)(XIV) എന്നിവയിലെ നിർദ്ദേശത്തിനനുസൃതമായി ഭരണപരമായ കാര്യക്ഷമതയുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

## 2-2 ബഡ്ജറ്റ്

ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല. സെക്രട്ടറി,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച്, ജനുവരി 15-ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1)). ഇതു മൂലം ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെയും അനിവാര്യ ചുമതലകളിൽപ്പെടുന്ന എല്ലാ മേഖലയിലും ആവശ്യത്തിന് തുക വകയിരുത്താതെയും പോകുന്നു.

## 2-3 ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസമാഹരണം ആരംഭിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ.31.7.17-ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ആയതനുസരിച്ച് പോർക്കുളം പഞ്ചായത്ത്, കേരള ഗ്രാമീൺ ബാങ്ക്, കുന്നംകുളം ശാഖയിൽ 8.5.2018ൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (a/c no.40271101030488). എന്നാൽ നാളിതുവരെയായി ഭവനനിധിയിലേക്ക് ധനസമാഹരണം ആരംഭിച്ചിട്ടില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 സ്ഥാപന തൊഴിൽ നികുതി - അപാകതകൾ

താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2017-2018 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ/ ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എക്സൽ പോളിമേഴ്സ് |
| 2 | ബെസ്റ്റ് ഫാബ്രിക്കേഷൻസ് |
| 3 | അക്ഷയ് പെട്രോളിയം |

| | |
|---|---|
| 4 | എസ് ബോർവെൽ പമ്പ് സെറ്റ് |
| 5 | ഗ്ലോറിയസ് വാൾ പേപ്പർ പ്ലാസ |
| 6 | ഫ്യൂച്ചറിസ്റ്റിക് മാർക്കറ്റിങ്ങ് |
| 7 | കുത്തൂർ ഏജൻസീസ് |
| 8 | ആൽവിയ കൺസ്ട്രക്ഷൻസ് |

മേൽ പട്ടികയിൽ ക്രമ നമ്പർ 4 മുതൽ 8 വരെയുള്ള സ്ഥാപനങ്ങൾക്ക് 2017-18 വർഷം പുതിയതായി ലൈസൻസ് അനുവദിച്ചതാണ്. എന്നാൽ തൊഴിൽ നികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയതു സംബന്ധിച്ച തീരുമാനങ്ങൾ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല

3) മുൻ വർഷം തൊഴിൽനികുതി ഡിമാന്റിലുൾപ്പെട്ട അർച്ചന മോട്ടേഴ്സ് കമ്പിപ്പാലം എന്ന സ്ഥാപനം 2017-18 തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടെന്നും ഈടാക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സ്വീകരിക്കേണ്ടതും മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. നികുതി കുടിശ്ശികകൾ കൃത്യമായി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം 13/23.07.2018 ). മേൽ ചേർത്ത സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-5 ജീവനക്കാരുടെ തൊഴിൽ നികുതി-അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയിട്ടില്ല

പി.എസ്.എം. കോളേജ് ഓഫ് ഡെന്റൽ സയൻസിലെ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി (2ാം അർദ്ധവർഷം) അടവാക്കിയതിൽ കുറവു കാണുന്നു.

| ജീവനക്കാരുടെ പേര് | തസ്തിക | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| സതി | ക്ലിനിക്കൽ അറ്റൻഡർ | 54000 | 450 | 300 | 150 |
| നീതു.സി.എസ് | ക്ലിനിക്കൽ അറ്റൻഡർ | 54000 | 450 | 300 | 150 |
| നീതു.കെ.എ. | ക്ലിനിക്കൽ അറ്റൻഡർ | 54000 | 450 | 300 | 150 |
| അനിതാ രാജു | ക്ലിനിക്കൽ അറ്റൻഡർ | 54000 | 450 | 300 | 150 |
| ബീന.സി.കെ. | ക്ലിനിക്കൽ അറ്റൻഡർ | 54000 | 450 | 300 | 150 |
| ജിജി.കെ.വി | ക്ലിനിക്കൽ അറ്റൻഡർ | 54000 | 450 | 300 | 150 |
| ആകെ | | | | | 900 |

നികുതിയിനത്തിൽ കുറവ് വന്ന 900/- രൂപ ഈടാക്കേണ്ടതാണ്. കുറവു വന്ന തുക കൃത്യമായി ഈടാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി&ഒ ലൈസൻസ് അപാകതകൾ

2017-18 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിനോടനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

ലൈസൻസ് ഫീസ് വ്യാപാരികളുടെ തൊഴിൽ നികുതി എന്നിവ നിശ്ചയിക്കുന്നത് അവരുടെ പ്രതിദിന വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കെ പല അപേക്ഷകളിലും ആയത് രേഖപ്പെടുത്തിയിട്ടില്ല. വാടക കരാർ, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ ആവശ്യമായ ചില അപേക്ഷകൾക്കൊപ്പം ആയതിന്റെ

പകർപ്പ് ഇല്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ ലൈസൻസ് ഫീയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.

താഴെ പറയുന്ന സ്ഥാപന ഉടമകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നമ്പർ | വ്യാപാരിയുടെ പേര് | പ്രതിദിന വിറ്റുവരവ് | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയ ലൈസൻസ് ഫീ | കുറവ് |
|---|---|---|---|---|---|
| 1 | കമറുദ്ദീൻ.എംകെ / yemke Building material | 50000 | 1000 | 500 | 500 |
| 2 | കെ.എം.ഹംസ/ അൽഫനാർ | 3000 | 100 | 50 | 50 |
| 3 | സി.സി.സൈമൺ ചെറുവത്തൂർ സൈക്കിൾസ് | 25000 | 500 | 200 | 300 |
| | ആകെ | | | | 850 |

കുറവ് വന്ന തുക എത്രയും പെട്ടെന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രാദേശിക പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. ആയതിനാൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നു വ്യക്തമല്ല. പൂർണ്ണമായ അപേക്ഷകളിൽ മാത്രം ലൈസൻസ് അനുവദിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും അവരിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീ ഈടാക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 18 തീയതി23-7-18).

## 2-7 മത്സ്യ ലേലം - ലേലത്തുക കുറയുന്നു

പഞ്ചായത്തിലെ കുളങ്ങളിലെ മത്സ്യ ലേലം ഇനത്തിലുള്ള വരവിൽ ഓരോവർഷവും കുറവ് വരുന്നതായി കാണുന്നു

| ക്രമ നമ്പർ | വർഷം | ലേലത്തുക |
|---|---|---|
| 1 | 2015-16 | 16640 |
| 2 | 2016-17 | 4280 |
| 3 | 2017-18 | 3735 |

എല്ലാ കുളങ്ങളിലെയും ലേലം നടത്താറില്ലെന്ന് ലേല രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. 2017-18-ൽ 8 കുളങ്ങളിലേതും 16-17ൽ 4 കുളങ്ങളിലേതും മാത്രമാണ് ലേലം ചെയ്തത്. ചില ലേലങ്ങളിൽ ആരും പങ്കെടുക്കാതിരുന്നിട്ടും പുനർലേലം നടത്തിയിട്ടില്ല. പഞ്ചായത്തിനു കീഴിലുള്ള എല്ലാ കുളങ്ങളിലേയും മത്സ്യ സമ്പത്ത് സമയബന്ധിതമായും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും ലേലം ചെയ്ത് ഈ ഇനത്തിലുള്ള വരവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതു സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

2) പഞ്ചായത്ത് കമ്മിറ്റി തീരുമാനമനുസരിച്ച് ലേലം അംഗീകരിച്ചു എന്ന് ലേല ഡയറിയിൽ രേഖപ്പെടുത്തി താഴെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലേലം രജിസ്റ്ററിൽ ലേലം നടത്തിയ ഉദ്യോഗസ്ഥൻ, ഉദ്യോഗപ്പേര്, ലേലം അംഗീകരിച്ച പഞ്ചായത്തിന്റെ തീരുമാന നമ്പർ, തീയതി, ഫയൽ നമ്പർ, സെക്രട്ടറിയുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ലേലം രജിസ്റ്റർ, ലേല ഡയറി എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 34 തീയതി25-7-18)

## 2-8 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിലെ അപാകതകൾ

(എ) സങ്കേതം സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട അപാകത

നികതിയേതര വരുമാനങ്ങളിൽ അധിക ഫീസ് ഈടാക്കാവുന്നതാണെന്ന സർക്കാർ ഉത്തരവി(G.O(P) No.409/2014/FIN Dtd.23.09.2014)നെ തുടർന്ന് ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് ഫീസിനോടൊപ്പം താഴെ പറയും പ്രകാരം അധിക ഫീസ് ഈടാക്കിയിരുന്നു.

പെർമിറ്റ് ഫീ അധിക ഫീസ്

<1000 രൂപ 50%

1000-10000 25%

>10000 15%

എന്നാൽ "സങ്കേതം" എന്ന സോഫ്റ്റ് വെയർ വഴി അപേക്ഷ സ്വീകരിച്ച് പെർമിറ്റ് അനുവദിക്കുമ്പോൾ ഇത്തരത്തിലുള്ള അധിക ഫീ കണക്കാക്കുന്നതിനോ ഈടാക്കുന്നതിനോ കഴിയുന്നില്ല. ആയതിനാൽ 1.11.2017 മുതൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് ഫീസിനോടൊപ്പം (online അപേക്ഷ) അധിക ഫീസ് ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. സോഫ്റ്റ് വെയറിൽ അധിക ഫീ കണക്കാക്കുന്നതിനും ഈടാക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പെർമിറ്റ് എടുക്കാതെ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ നിർമ്മാണം ക്രമീകരിക്കുമ്പോൾ പെർമിറ്റ് ഫീസും രണ്ട് ഇരട്ടി ക്രമവത്കരണ ഫീസും ഈടാക്കേണ്ടതാണ്. "സങ്കേതം" എന്ന സോഫ്റ്റ് വെയറിൽ രണ്ട് ഇരട്ടി ക്രമവത്കരണ ഫീസ് മാത്രമെ കണക്കാക്കുന്നുള്ളൂ. പെർമിറ്റ് ഫീസ് കണക്കാക്കപ്പെടുന്നില്ല. സോഫ്റ്റ് വെയറിലെ ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മനോഹരൻ ഭാര്യ ഇന്ദിര കല്ലുംവളപ്പിൽ വീട് അകതിയൂർ എന്നവർ പെർമിറ്റ് എടുക്കാതെ പൂർത്തീകരിച്ച 110.36 m^2 വീടിന്റെ നിർമ്മാണം ക്രമീകരിക്കുന്നതിന് 08/01/18ന് സമർപ്പിച്ച അപേക്ഷ പ്രകാരം ക്രമവത്കരണ ഫീ ഈടാക്കിയതിൽ വ്യത്യാസം കാണുന്നു.(ഫയൽ നം. B1-167/18)

ക്രമവത്കരണ ഫീ ഈടാക്കേണ്ടത്-110.36*9=993.24

ഈടാക്കിയത്-662.16

കുറവ്-331 രൂപ

2) C2/3840/2017 തീയതി.24/08/2017 നമ്പർ പെർമിറ്റിനോടനുബന്ധിച്ച് ശ്രീ.മനോഹരൻ.കെ.ആർ എന്നവരിൽ നിന്നും ക്രമവത്കരണ ഫീ ഈടാക്കിയതിൽ വ്യത്യാസം കാണുന്നു.

ആകെ ഏരിയ—170.28 m^2

ക്രമ വത്കരണ ഫീ ഈടാക്കേണ്ടത്-170.28*9=1532.52

ഈടാക്കിയത്-847

കുറവ്-685

3)9/1/18ലെ നമ്പർ B1-4931/17 പ്രകാരം ജോയ് എന്നവർക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ technical report പ്രകാരം ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി ആവശ്യമാണ്. ആയത് ഫയലിൽ ഇല്ല.

4) 31/05/2017-ലെ B3-2387/2017 നമ്പർ വികസന പെർമിറ്റ്(പുലിക്കോട്ടിൽ ഉഷ, കാട്ടിൽ വൽസല, മച്ചങ്ങാലത്ത് അനിൽകുമാർ എന്നവർക്ക്)നോടനുബന്ധിച്ച് സെക്രട്ടറിയുടെ ഇതേ തീയതിയിലെ 32387/17 നമ്പർ ക്രമവത്കരണ ഉത്തരവ് പ്രകാരം പെർമിറ്റ് ഫീസും 1.5 ഇരട്ടി പിഴയും ചുമത്തിയിട്ടുണ്ട്. ആയത് അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് നൽകേണ്ടതാണ്. ക്രമവത്കരണ ഫീസ് പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കണമെന്നിരിക്കെ കുറഞ്ഞ നിരക്കിൽ പിഴ ചുമത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

5) B1-6762/17 നമ്പർ പെർമിറ്റിനായുള്ള ശ്രീ.സണ്ണി എന്നവരുടെ അപേക്ഷ(തീ.5/12/17)ക്കൊപ്പമുള്ള ഭൂമി വികസന പെർമിറ്റ് (നമ്പർ B2-3003/13 dtd 2/8/13) 3 വർഷ കാലാവധി കഴിഞ്ഞ് കാലഹരണപ്പെട്ടിരിക്കുന്നു. ഇത്തരം അപേക്ഷകളിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനു മുൻപ് പുതുക്കിയ വികസന പെർമിറ്റ് (ഓഡിറ്റ് എൻക്വയറി നം 35 തീയതി25-7-18) ഇല്ലാതെ ബിൽഡിങ്ങ് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-9 വസ്തു നികുതി -സാംഖ്യ സഞ്ചയ അവലോകനം

1)വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി. രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മാത്രമല്ല "സഞ്ചയ"

സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. അതായത് ഡിമാന്റ് -(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരവും, സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റ് പ്രകാരവും (വാർഷിക കണക്കിന്റെ ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയത്) വസ്തുനികുതി ഡി.സി.ബി.യിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

<u>തൻവർഷം</u>

<u>റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി | ബാക്കി വരേണ്ടത് ഡിമാന്റ് _(കളക്ഷൻ+ മുൻകൂർ ക്രമീകരിച്ചത്) |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1410427 | 1116892 | 206800 | 118699 | 86735 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1410907 | 1102538 | ജേണൽ വൗച്ചർ ലഭ്യമാക്കിയിട്ടില്ല | 121743 | |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | 127831/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | |

<u>നോൺ-റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി | ബാക്കി വരേണ്ടത് ഡിമാന്റ് _(കളക്ഷൻ+ മുൻകൂർ ക്രമീകരിച്ചത്) |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 841363 | 672267 | 92610 | 83808 | 76486 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 841363 | 666454 | ജേണൽ വൗച്ചർ ലഭ്യമാക്കിയിട്ടില്ല | 84692 | |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | 88927x100/105 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | |

സാംഖ്യ വാർഷിക കണക്കിൽ മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ലെഡ്ജർ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. 2016-17-ലെ വാർഷിക കണക്ക് ഷെഡ്യൂൾ ബി-9 പ്രകാരം വസ്തു നികുതി അഡ്വാൻസ് കളക്ഷൻ 13318/- (ഹെഡ്-350410101) രൂപയാണ്.

<u>കുടിശ്ശിക</u>

റെസിഡൻഷ്യൽ+നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി | ബാക്കി വരേണ്ടത് (ഡിമാന്റ് _കളക്ഷൻ) |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 729549 | 608515 | - | 0 | 121034 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 942797 | 594807 | - | 200290(169786+40518x 100/105) | |
| | (2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | * (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15,2017-18) | |

മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, സഞ്ചയ ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2) 1/4/2017-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്സ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. 2017-18 വർഷത്തിൽ 95 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട് (new building register) എന്നാൽ "110100101/110100103-Property tax on residential/non residential buiding" എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നില്ല. ഇപ്രകാരം രേഖപ്പെടുത്തൽ വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3) 2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം കുടിശ്ശിക ഡിമാന്റ് 942797 (റെസിഡൻഷ്യൽ+നോൺ-റെസിഡൻഷ്യൽ) രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരം 729549/- രൂപയാണ്. ഡിമാന്റിൽ 213243/- രൂപ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 1-18, "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വസ്തു നികുതി ഇനത്തിൽ തുക എഴുതി തള്ളിയതായി കാണുന്നു. ഇതിനെ സാധൂകരിക്കുന്ന അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (1998-ലെ കേരള പഞ്ചായത്ത് രാജ് വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതി തള്ളൽ ചട്ടങ്ങൾ- കാണുക)

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2018-ലെ നീക്കിയിരിപ്പ് |
|---|---|
| 280100101-Prior period income -Property tax on residential buildings | 306876 |
| 280100104-Prior period income-Property tax on non residential buildings | 1597611 |

5) സഞ്ചയപ്രകാരമുള്ള ഡിമാന്റ് അടിക്കടി മാറിക്കൊണ്ടിരിക്കുന്നു. വാർഷിക കണക്കുകളുടെ ഓഡിറ്റ് സമയത്ത് നല്കിയ സഞ്ചയ

പ്രകാരമുള്ള ഡിമാന്റ് അല്ല ഓഡിറ്റ് സമയത്ത് നല്കിയ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്. ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി അപാകത പരിഹരിക്കാൻ കഴിയും എന്നാണ് അറിയിച്ചിട്ടുള്ളത്.

6) വിമുക്ത ഭടന്മാരുടെ താമസ കെട്ടിടങ്ങളുടെ നികുതി ഇളവ്, വേക്കൻസി റെമിഷൻ, പൊളിച്ച മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഇളവ് എന്നിവയ്ക്കായി തൻവർഷം കെട്ടിടനികുതി ഇളവ് നല്കിയ തുകയുടെ വിശദാംശം സഞ്ചയയിൽ നിന്നും ലഭ്യമല്ല.

7) വാർഡ് തിരിച്ചുള്ള ഡി.സി.ബി. പത്രിക (സഞ്ചയ പ്രകാരം) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൻവർഷം നികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളും ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

8) സഞ്ചയ പ്രകാരമുള്ള ഫോറം 6 ഫയലിനോടൊപ്പം സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റിന് ആവശ്യപ്പെട്ടപ്പോൾ ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളത്. ഫോറം 6 ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. ഫോറം 6 നിലവിൽ എത്ര തവണ വേണമെങ്കിലും മാറ്റം വരുത്താൻ കഴിയും എന്നതിനാൽ സെക്രട്ടറിയുടെ പാസ്സ് വേഡിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

9) സേവന ഉപനികുതി (തെരുവ് വിളക്ക് പരിപാലനം) ഇനത്തിൽ വസ്തു നികുതിയുടെ 10% ഈടാക്കുന്നുണ്ട്. ഇതിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

10) വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ തൻവർഷം നികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളുടെയും (ന്യൂ ബിൽഡിങ്ങ് രജിസ്റ്റർപ്രകാരം) വിശദാംശങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും അപാകതകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ച് സഞ്ചയയിൽ മാറ്റങ്ങൾ വരുത്തുന്നുണ്ടെങ്കിലും നിലവിൽ സഞ്ചയ സോഫ്റ്റ് വെയർ പൂർണ്ണമാണെന്ന് വിലയിരുത്താൻ കഴിയില്ല. സഞ്ചയയുടെ നിലവിലുള്ള സാങ്കേതിക പരിമിതികൾ പരിഹരിക്കപ്പെടുകയും ഡാറ്റാബേസിന്റെ കൃത്യത ഉറപ്പാക്കുകയും ചെയ്താൽ മാത്രമേ വസ്തുനികുതി പരിഷ്കരണ നടപടികളുടെ ഫലപ്രാപ്തി പൂർണ്ണമായും ഉറപ്പാക്കാൻ കഴിയൂ.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകതകൾ

എ) ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയും, 2017-18 വാർഷിക പദ്ധതിയും രൂപീകരിക്കുന്നതിന്റെ ഭാഗമായി 9-1-2017-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനു വേണ്ടി 30-1-2017-ന് ആദ്യ യോഗം ചേർന്നു. തുടർന്ന് 28-2-2017, 3-4-2017, 8-5-2017, 19-7-2017 തീയതികളിലായി പഞ്ചായത്തിലെ ആസൂത്രണ സമിതി യോഗങ്ങൾ നടന്നിട്ടുണ്ട്. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ മൂന്ന് ഘടകങ്ങളേയും ഏകോപിപ്പിക്കുകയാണ് ആസൂത്രണ സമിതിയുടെ പ്രധാന കർത്തവ്യം. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആസൂത്രണ സമിതിയാണ്.

പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക, അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, ആസൂത്രണ സമയ വിവര പട്ടിക അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും, സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവക്ക് സഹായം നൽകുക, തദ്ദേശ സ്ഥാപനങ്ങളുടെ പ്രദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരേയും, അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളേയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയ ആസൂത്രണ സമിതിയുടെ ചുമതലകൾ കൃത്യമായി പാലിക്കപ്പെട്ടു കാണുന്നില്ല. ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിലെ പോരായ്മ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ട്.

ബി) വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനത്തിലെ വീഴ്ചകൾ

ഒരു വർക്കിംഗ് ഗ്രൂപ്പിൽ വേണ്ടത് 10 മുതൽ 15 വരെ അംഗങ്ങളാണ് സർക്കാർ നിർദ്ദേശം. (ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ /9-1-2017). പഞ്ചായത്തിൽ നിലവിലുള്ള 12 വർക്കിംഗ് ഗ്രൂപ്പുകളിലും 15 അംഗങ്ങൾ വീതമുണ്ട്. 15 അംഗങ്ങളും പങ്കെടുത്ത മൂന്ന് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 2017-18 വർഷത്തിൽ നടന്നിട്ടുണ്ട്. ഒരു വർക്കിംഗ് ഗ്രൂപ്പിൽ പോലും വിഷയ വിദഗ്ധനെ ഉപാദ്ധ്യക്ഷനാക്കിയിട്ടില്ല. പല വർക്കിംഗ് കമ്മറ്റി മിനിറ്റ്സുകളിലും കൺവീനർ, ചെയർമാൻ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്തിട്ടില്ല. ഇതേ വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് പദ്ധതികളുടെ മോണിറ്ററിംഗും നടത്തേണ്ടത്. പഞ്ചായത്തിലെ പല പദ്ധതികളും മോണിറ്ററിംഗ് നടത്തിയതായി രേഖയില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം സ്റ്റാന്റിംഗ് കമ്മറ്റിക്കായതിനാൽ ഈ

അപാകതക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയും ഉത്തരവാദിയാണ്.

സി) സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം.

(i) വികസന സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 14 തവണ യോഗം ചേർന്നു. ആദ്യ യോഗത്തിൽ 2017-18 കാലയളവിൽ നടപ്പിലാക്കേണ്ട സ്പിൽ ഓവർ പദ്ധതികളെക്കുറിച്ചും, ടി കാലയളവിൽ നടപ്പിലാക്കേണ്ട പുതിയ പദ്ധതികളെക്കുറിച്ചും ചർച്ച ചെയ്തു. 2017-18 ലെ വാർഷിക പദ്ധതിയുടെ കരട് നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചയോ, സർക്കാർ ഉത്തരവു പ്രകാരമുള്ള മുൻഗണന/അർഹത മാനദണ്ഡങ്ങൾ സംബന്ധിച്ച ചർച്ചയോ ഒന്നും തന്നെ നടന്നതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ടി കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ :--

(പൊതുവിഷയങ്ങൾ) - കൃഷി, ചെറുകിട ജലസേചനം, സാമൂഹ്യ വനവൽക്കരണം. പൊതുമരാമത്ത് (പശ്ചാത്തല വികസനം), കെട്ടിട നിർമ്മാണ പെർമിറ്റ്, ഊർജ്ജം, മൃഗസംരക്ഷണവും ക്ഷീര വികസനവും, മൽസ്യ മേഖല എന്നിവയാണ്. കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, വെറ്ററിനറി സർജ്ജൻ, ഡയറി ഫാം ഇൻസ്ട്രക്ടർ, ഫിഷറീസ് ഇൻസ്പെക്ടർ എന്നിവരാണ്.

(ii) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം 12 തവണ യോഗം ചേർന്നു. 2017-18 വർഷത്തെ ബജറ്റ് സമയബന്ധിതമായി തയ്യാറാക്കുന്നതിന് തീരുമാനിച്ചു. ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് പഞ്ചായത്ത് ഭരണ സമിതിയിൽ അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകളോ, തീരുമാനങ്ങളോ ഒന്നും തന്നെ എടുത്തു കാണുന്നില്ല. മാസം തോറുമുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ട്.

ടി കമ്മിറിക്ക് ചുമതലയുള്ള വിഷയങ്ങൾ ബജറ്റ്, തനത് വരുമാനങ്ങൾ, പൊതുഭരണം, രസീത് പരിശോധന എന്നിവയാണ്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും, വരവ് ചെലവുകളും നിരീക്ഷിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക, ബജറ്റിനനുസരിച്ച് വരവ് ചെലവുകൾ ക്രമീകരിക്കുക, പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ധനസ്രോതസ്സ് വരുമാനം കണ്ടെത്തുക എന്നിവ ടി കമ്മറ്റിയുടെ ഉത്തരവാദിത്തമാണ്.

(iii) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം 12 തവണ യോഗം ചേർന്നു. ടി കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള പ്രോജക്ടുകൾ അംഗീകരിച്ച് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനക്ക് ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനങ്ങളൊന്നും യോഗത്തിൽ എടുത്തു കാണുന്നില്ല. കമ്മിറ്റിയുടെ തീരുമാനങ്ങളെല്ലാം തന്നെ ക്ഷേമ പെൻഷനുകൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയുമായി ബന്ധപ്പെട്ടുള്ളവയായിരുന്നു.

ടി കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാമൂഹ്യക്ഷേമം, വനിതാ വികസനം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം എന്നിവയാണ്. കമ്മിറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ ICDS സൂപ്പർവൈസർ, വി.ഇ.ഒ., അസിസ്റ്റന്റ് സെക്രട്ടറി എന്നിവരാണ്.

(iv) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം 10 തവണ യോഗം ചേർന്നു. ടി കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാന്ത്വന പരിചരണം, മാലിന്യ സംസ്കരണം, വിദ്യാഭ്യാസം എന്നിവയാണ്. കമ്മിറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ HM, മെഡിക്കൽ ഓഫീസർമാർ എന്നിവരാണ്.

കമ്മിറ്റികൾക്ക് ചുമതലയുള്ള വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. കമ്മിറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകളെ സംബന്ധിച്ച ചർച്ചകളോ, വിലയിരുത്തലുകളോ നടക്കുകയോ, നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. നിയമത്തിന്റെയും, ചട്ടങ്ങളുടേയും, സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ആവശ്യമായ പ്രോജക്ടുകൾ ശുപാർശ ചെയ്യുന്നതിനും, ഏറ്റെടുത്ത പ്രോജക്ടുകൾ യഥാവിധി നടപ്പാക്കുന്നുവെന്നും ഫലപ്രാപ്തിയിൽ എത്തുന്നുവെന്നും ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കാണ്. സ്റ്റാന്റിംഗ് കമ്മിറ്റികൾ വിശിഷ്യാ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ യഥാവിധി പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിന് മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിയും.

## 3-2 വികസന സ്റ്റാൻഡിംഗ് കമ്മിറ്റി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(ii) പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, സ്പെഷൽ പ്ലാനിംഗ്, കൃഷി, മണ്ണ് സംരക്ഷണ, സാമൂഹ്യ വനവൽക്കരണ, മൃഗസംരക്ഷണ, ക്ഷീരവികസനം, ചെറുകിട ജലസേചനം മത്സ്യബന്ധന, ചെറുകിടവ്യവസായ, പൊതുമരാമത്ത്, പാർപ്പിട

സൗകര്യം, കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു. ഇതു കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരമുള്ള 27 അനിവാര്യ ചുമതലകളിൽ 9 എണ്ണവും പൊതുചുമതലകളിൽ 5 എണ്ണവും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ 9 വിഷയമേഖലകളിലായി 44 ചുമതലകളും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്നതാണ്.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്) 72/2017 ത.സ്വ.ഭ.വ തീ.29.3.2017-ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. കൃഷി- അനുബന്ധമേഖലകൾ, മൃഗ സംരക്ഷണം-ക്ഷീരവികസനം, പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം) വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സുകൾ അപൂർണ്ണമാണ്, യോഗ തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. യോഗങ്ങളിൽ പങ്കാളിത്തം വളരെ കുറവാണ്. കരട് പ്രൊജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭായോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്റ്റ് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നീ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ട ചുമതലകൾ കൃത്യമായി ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളിലെ നിർദ്ദേശങ്ങൾ പലതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ചചെയ്ത് ഭരണസമിതി അംഗീകാരത്തോടെ പദ്ധതികളായി രൂപപ്പെട്ടിട്ടില്ല. പ്രാദേശിക സാമ്പത്തികവികസനം വർക്കിംഗ് ഗ്രൂപ്പിന്റെ ഒരു നിർദ്ദേശം പോലും പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതികളായി നടപ്പാക്കിയ പല വിഷയങ്ങളും വർക്കിംഗ് ഗ്രൂപ്പുകളിലോ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ചർച്ചക്കു വന്നവയല്ല. പൊതുമരാമത്തിൽ പശ്ചാത്തല മേഖലയിൽപ്പെട്ട റോഡ് പദ്ധതികൾ ഏതെല്ലാം നടപ്പാക്കണമെന്ന ചില നിർദ്ദേശങ്ങൾ മാത്രമാണ് ഈ വിഷയവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രധാനമായും ചർച്ച ചെയ്തു കാണുന്നത്.

കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ 13(1), 13(1)(XIV) എന്നിവയിലെ നിർദ്ദേശത്തിനനുസൃതമായി ഭരണപരമായ കാര്യക്ഷമതയുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

## 3-3 <u>കൃഷി</u>

<u>(i) തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പദ്ധതികൾ</u>

കൃഷി അനുബന്ധ മേഖലയുടെ 2017-18 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് അനുസരിച്ച് പോർക്കുളം ഗ്രാമപഞ്ചായത്തിലെ ആകെ 1449 ഹെക്ടർ ഭൂമിയിൽ 150 ഹെക്ടർ തരിശ് ഭൂമിയാണ്. ആയതിൽ 9.17 ഹെക്ടർ കൃഷി യോഗ്യമാണ്. 350 ഹെക്ടർ നെൽവയലുള്ളതിൽ 40 ഹെക്ടറിൽ കൃഷിയോഗ്യമാണെങ്കിലും നിലവിൽ കൃഷി ചെയ്തു വരുന്നില്ല.

കൃഷി അനുബന്ധമേഖല വർക്കിംഗ് ഗ്രൂപ്പിന്റെ 30.1.2017 തിയതിയിലെ യോഗത്തിൽ തരിശുഭൂമികൾ കൃഷിചെയ്യുന്നതിനായി ഉടമസ്ഥർ തയ്യാറല്ലാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് കുടുംബശ്രീ പോലുള്ള സംവിധാനങ്ങളെ ഉപയോഗപ്പെടുത്തി കൃഷിയിറക്കണമെന്നു തീരുമാനമെടുത്തിട്ടുണ്ട്-തീരുമാനം നമ്പർ 12. എന്നാൽ ഇപ്രകാരത്തിലുള്ള പദ്ധതികളൊന്നും തന്നെ ആവിഷ്ക്കരിച്ച് നടപ്പാക്കിയതായി കാണുന്നില്ല. പഞ്ചായത്ത് പ്രദേശത്തെ ഭൂവിനിയോഗം സംബന്ധിച്ച കൃഷിഭവൻ തയ്യാറാക്കുന്ന അടിസ്ഥാനവിവര രജിസ്റ്റർ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തരിശുഭൂമികൾ എവിടെയൊക്കെ എത്ര അളവിലുണ്ടെന്ന വിവരം, പാഴ്ഭൂമിയായി കിടക്കുന്ന സ്ഥലങ്ങളിൽ വനവത്ക്കരണം പോലുള്ള പ്രവർത്തനങ്ങൾ സാദ്ധ്യമാണോ എന്നു പരിശോധന നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിവരം-എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 4/20.7.2018ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ കൃഷിവകുപ്പ് നേരിട്ടും തൊഴിലുറപ്പ് പദ്ധതിയിലൂടെയും ഇപ്രകാരം തരിശുഭൂമി ഉപയുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് എക്സിറ്റ് മീറ്റിംഗിൽ മറുപടി പറയുകയുണ്ടായി.

ഭക്ഷ്യവിളകളുടെ വിള വിസ്തൃതിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഒരു നിശ്ചിത കാലാവധിക്കുള്ളിൽ കാർഷികോല്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയണമെന്ന ലക്ഷ്യത്തോടെ, ലഭ്യമായ എല്ലാഫണ്ടുകളും (കൃഷിവകുപ്പ്-പഞ്ചായത്തിന്റെ വികസനഫണ്ട്-ജില്ലാ, ബ്ലോക്ക് വിഹിതം-തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവ) ഏകോപിപ്പിച്ച് ഉപയോഗപ്പെടുത്തി, വ്യക്തമായ ആസൂത്രണം നടത്തി പ്രൊജക്റ്റുകൾ ആവിഷ്ക്കരിക്കാവുന്നതാണ്.

<u>(ii)ജലസേചന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല</u>

കൃഷി അനുബന്ധമേഖലയുടെ 2017-18 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രശ്ന വിശകലനവും പ്രശ്ന പരിഹാരസാധ്യതകളും സംബന്ധിച്ച വിശകലന റിപ്പോർട്ട് അനുസരിച്ച് കൊങ്ങണൂർ, അഗതിയൂർ, വേദക്കാട് പാടശേഖരങ്ങളിൽ ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത കൃഷിയെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആയതിൽ അഗതിയൂർ, വേദക്കാട് പാടശേഖരങ്ങളിൽ പ്രശ്നത്തിന്റെ തീവ്രത അതീവഗുരുതരമാണെന്നാണ് സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിക്കാണുന്നത്. പ്രശ്നപരിഹാരത്തിനായി അതാതു പ്രദേശത്തെ ജലസ്രോതസ്സുകളിൽ 5HP മോട്ടോറുകൾ സ്ഥാപിക്കുക, കുളങ്ങൾ, ചിറകൾ എന്നിവ വൃത്തിയാക്കി, ആഴംകൂട്ടുക, തടയണകൾ സ്ഥാപിക്കുക തുടങ്ങിയ നിരവധി പ്രതിവിധികളും ടി റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. 8.5.2017 തിയതിയിലെ വികസന സെമിനാറിനോടനുബന്ധിച്ചു നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഈ

വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങളെടുത്തിട്ടുണ്ട്. 31.1.2017 തിയതിയിലെ കൃഷി അനുബന്ധമേഖല വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിലും തോടുകളുടെ നവീകരണം നടത്തി ജലലഭ്യത ഉറപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിക്കണമെന്ന നിർദ്ദേശമുണ്ട്. എന്നാൽ വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യം ചർച്ച ചെയ്തതായി കാണുന്നില്ല. 2017-18ൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള പ്രൊജക്ടുകളൊന്നും തന്നെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

## 3-4 മൃഗസംരക്ഷണം

(i) പഞ്ചായത്തിൽ 2017-18 വർഷം കിടാരി വളർത്തൽ, ആട്ടുവളർത്തൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

S0066/18, കിടാരി വളർത്തൽ

ചെലവ്-ട്രഷറി ബിൽ നമ്പർ- P5/2017-18/23.3.18, ₹ 1,68,000/-

21 പേർക്ക് 8000/-രൂപ വീതം സബ്സിഡി

S0086/18, ആട്ടു വളർത്തൽ

ചെലവ്-ട്രഷറി ബിൽ നമ്പർ – P4/2017-18/23.3.18, ₹ 2,00,000/-

50 പേർക്ക് 4000/- രൂപ വീതം സബ്സിഡി.

13-ാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം.80/2017/ത.സ്വ.ഭ.വ./3.4.2017, ഖണ്ഡിക

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.2 കുറിപ്പ് 3 പ്രകാരം ഉരുക്കളെ വാങ്ങുന്നതിനായി വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൻ അദ്ധ്യക്ഷനായും വെറ്ററിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്നും 5 പേർ അംഗങ്ങളായും രൂപീകരിച്ച ഒരു കമ്മിറ്റിയാണ് മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്തിൽ ഇപ്രകാരം രൂപീകരിച്ച കമ്മറ്റിയുടെ മിനിട്സ് പരിശോധനക്ക് ലഭ്യമാക്കിട്ടില്ല. (ഓഡിറ്റ് എൻക്വയറി) ആയതിനാൽ ഗുണഭോക്താക്കൾ വാങ്ങിയ ഉരുക്കളുടെ ഗുണനിലവാരം മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തുക 2,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

(ii)കന്നുകുട്ടി പരിപാലന പദ്ധതിക്കായി 25 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വികസനഫണ്ട് വിഹിതം 1,56,250/- രൂപ SLBP-ക്ക് കൈമാറിയിട്ടുണ്ട്.

പ്രൊജക്റ്റ് നം S0184/18,

ട്രഷറി ബിൽ നമ്പർ - P3/2017-18/28.2.18, 1,56,250/-രൂപ

പദ്ധതിയുടെ തുടർനടത്തിപ്പിന്റെ വിശദാംശങ്ങൾ, ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ 1,56,250/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-5 ക്ഷീരവികസനം

ക്ഷീരവികസനത്തിനായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്റ്റ് മാത്രമാണ് ഓഡിറ്റ് വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. തീറ്റപ്പുൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ വേണമെന്ന് വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശമുയർന്നിട്ടുണ്ടെങ്കിലും അപ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.2(11)-ൽ നിർദ്ദേശിക്കുന്നപ്രകാരം സംയോജിത കൃഷി രീതിയിൽ ഏർപ്പെടുന്ന കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെയും പഞ്ചായത്തിലെ കൃഷിചെയ്യാതെ തരിശായി കിടക്കുന്ന കൃഷിയിടങ്ങളെയും ഉപയോഗപ്പെടുത്തി ഇപ്രകാരമുള്ള പ്രൊജക്ടുകളും ആസൂത്രണം ചെയ്യാവുന്നതാണ്.

## 3-6 പൊതുമരാമത്ത്

(i)റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017-ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും

റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. മുൻപുള്ള മാർഗ്ഗരേഖകളിലും ഈ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും പോർക്കുളം പഞ്ചായത്തിൽ നാളിതുവരെയായി ഇവ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ളാൻ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ii) ആസ്തി രജിസ്റ്ററിലെ വിവരണങ്ങളിൽ കൃത്യതയില്ല

പഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള നീളം, സർഫസ് ടൈപ്പ് തുടങ്ങിയ വിവരങ്ങളും വർക്ക് ഫയലിലെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങളും തമ്മിൽ വ്യത്യാസം കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| റോഡിന്റെ പേര് | ആസ്തി രജിസ്റ്ററിലെ വിശദാംശങ്ങൾ | | എസ്റ്റിമേറ്റ് റിപ്പോർട്ടിലെ വിശദാംശങ്ങൾ | | ചെയ്ത പ്രവൃത്തി |
|---|---|---|---|---|---|
| | നീളം | അവസ്ഥ | നീളം | അവസ്ഥ | |
| കുതിരവേലപ്പാടം-ആദിരിയേടത്ത് മന റോഡ് | 50m | കച്ച റോഡ് | 177m | മണ്ണ് റോഡ് | 177m സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് |
| പാണംതറ റോഡ് | 350m | „ | 158m | 24m നീളം concrete, 44m-Ist metalled, ബാക്കി 90m മണ്ണ് റോഡ് | 44m-2ndമെറ്റലിംഗ്, ടാറിംഗ്, 90m മണ്ണ്റോഡ്-മെറ്റലിംഗ്, ടാറിംഗ് |
| മഞ്ചേരി റോഡ് | 180m | „ | 260m | 149m- Ist metalled, ബാക്കി മണ്ണ് റോഡ് | 149m 2nd മെറ്റലിംഗ്, ടാറിംഗ് |
| കൊയസ്സൻമാപ്പിള റോഡ് | 400m | | 160m | 80mIst metalled, 80m മണ്ണ് റോഡ് | 80m 2nd മെറ്റലിംഗ്, ടാറിംഗ് |
| പോർക്കുളം-കോഴിപ്പറമ്പിൽ റോഡ് | 100m | „ | 625m | ടാർ റോഡ് | 190m റീടാറിംഗ് |

2017-18 വർഷം പ്രവൃത്തി നടത്തിയിട്ടുള്ള മിക്കവാറും എല്ലാ റോഡുകളെ സംബന്ധിച്ച എസ്റ്റിമേറ്റ് റിപ്പോർട്ടിലെ വിവരവും ആസ്തി രജിസ്റ്ററിലെ വിവരണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ആസ്തി രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

(iii) ഭാഗികമായി റോഡ് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു

പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് നടപ്പാക്കുന്നതിനുപകരം ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു. മുൻ വർഷങ്ങളിൽ ഇപ്രകാരം ഫസ്റ്റ് മെറ്റലിംഗ് മാത്രമായി ചെയ്ത് നിർത്തിയ റോഡുകളിൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തിയപ്പോൾ, ആദ്യ മെറ്റലിംഗിന്റെ മെറ്റൽ പലയിടത്തും ഇളകിപ്പൊയ്ക്കഴിഞ്ഞിട്ടുള്ളതിനാൽ റീ സോളിംഗ്/പാച്ച് സോളിങ്ങ് ഇനത്തിൽ തുക ചെലവു വന്നതായി കാണപ്പെടുന്നു. കൂടാതെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള മുഴവൻ നീളത്തിൽ പൂർണ്ണമായി റോഡ് ടാറിംഗ് നടത്താതെ ഭാഗികമായി ടാറിംഗ് നടത്തുന്നതായും, സോളിംഗ് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി നടത്തുന്നതായും കാണുന്നു. ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക്

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

റീ സോളിംഗ്/പാച്ച് സോളിങ്ങ് പ്രവൃത്തികൾ ആവശ്യമായിവന്ന പ്രൊജക്റ്റുകൾ

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | ഇനം 1-WMM-ൽ Soling patches ചെയ്തതിന്റെ അളവ് | എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഫസ്റ്റ് മെറ്റലിംഗ് നടത്തിയത് |
|---|---|---|
| അയ്യംപറമ്പ്-ചേന്നൻ ഇടവഴി റോഡ് മെറ്റലിംഗ്, ടാറിംഗ് | $2.16m^3$ x $2980.51/m^3$ | 2015-16 |
| പാറേംപാടം പഴയ കള്ള് ഷാപ്പ് റോഡ് മെറ്റലിംഗ്, ടാറിംഗ് | $0.99\ m^3$ x $2980.51/m^3$ | „ |
| സഞ്ചുറോഡ് മെറ്റലിംഗ്, ടാറിംഗ് | $1.74m^3$ x $2980.51/m^3$ | 2014-15 |
| ഭട്ടിമുറി-കമ്പിപ്പാലം റോഡ് മെറ്റലിംഗ്, ടാറിംഗ് | $2.68m^3$ x $2980.51/m^3$ | 2015-16 |
| മൂലയിൽ റോഡ് മെറ്റലിംഗ്, ടാറിംഗ് | $2.12m^3$ x $2980.51/m^3$ | „ |
| ദാസൻ ഇടവഴി | $1.94\ m^3$ x $2980.51/m^3$ | „ |
| ശാന്തിയിൽ റോഡ് | $2.25m^3$ x $2980.51/m^3$ | „ |

ഭാഗികമായി ടാറിംഗ് നടത്തിയവ

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിന്റെ നിലവിലെ അവസ്ഥ | 2017-18ൽ ചെയ്ത പ്രവൃത്തി |
|---|---|---|
| കൊയസ്സൻ മാപ്പിള റോഡ് | ആകെ 160 മീറ്റർ റോഡിൽ 80m Ist metalled, 80m മണ്ണ് റോഡ് | 80 മീറ്റർ സെക്കന്റ് മെറ്റലിംഗ്, ടാറിംഗ് മാത്രമായി നടത്തി, ബാക്കി 80m മണ്ണ് റോഡ്, ഒന്നും ചെയ്തില്ല. 2018-19ൽ പുതിയ പ്രൊജക്റ്റ് വച്ചു കാണുന്നു |
| മഞ്ചേരി റോഡ് | ആകെ 260m റോഡിൽ 149 മീറ്ററിൽ Ist മെറ്റലിംഗ് നടത്തിയിട്ടുണ്ട്, ബാക്കി മണ്ണ് റോഡ് | 149 മീറ്റർ ആദ്യ മെറ്റലിംഗ് കഴിഞ്ഞ ഭാഗം 2nd മെറ്റലിംഗ്, ടാറിംഗ്, നടത്തി. ബാക്കിയുള്ള മണ്ണ് റോഡ് ഒന്നും ചെയ്തിട്ടില്ല. 2018-19ൽ പ്രൊജക്റ്റ് വച്ചിട്ടില്ല |

സോളിംഗ്, മെറ്റലിംഗ്&ടാറിംഗ് എന്നീ പ്രവൃത്തികൾ രണ്ട് വ്യത്യസ്ത പ്രൊജക്റ്റുകളായി നടപ്പാക്കിയവ

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിന്റെ നിലവിലെ അവസ്ഥ | റിമാർക്സ് |
|---|---|---|
| സെന്റ് ജോർജ് -കളത്ത്യാൽ ലിങ്ക് | ആകെനീളം 1.445km | 2017-18ൽ ചെയ്ത പ്രവൃത്തികൾ- |

| | | |
|---|---|---|
| റോഡ്-സോളിംഗ് | 0.955km- tar, 0.090km. metal, 0.400km- katcha road | (a)16-17ലെ സ്പിൽ ഓവർ പ്രൊജക്റ്റ് നം SO57/18- 250 മീറ്റർ സോളിംഗ് മാത്രം<br>(b)പ്രൊജക്റ്റ്നം.S146/18 253 മീറ്റർ മെറ്റലിംഗ്& ടാറിംഗ് |
| മങ്ങാട് അമ്പലക്കുളം റോഡ് സോളിംഗ് | ആസ്തി രജിസ്റ്ററിൽ ഇല്ല | (a)2017-18ൽ ചെയ്ത പ്രവൃത്തി-പ്രൊജക്റ്റ് നം SO61/18- സോളിംഗ് മാത്രം<br>(b)പ്രൊജക്റ്റ് നം. SO72/18- മെറ്റലിംഗ്&ടാറിംഗ്-2017-18ൽ ചെയ്തിട്ടില്ല<br>2018-19-ലേക്ക് സ്പിൽ ഓവർ ആക്കിയിട്ടുണ്ട്. |

ഇപ്രകാരം ഭാഗികമായി പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനാൽ റീ സോളിംഗ്/പാച്ച് സോളിങ്ങ് ഇനത്തിൽ അധികചെലവ് വരുന്നതിനും ഉക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതിനും കാരണമാകും. ഒരു റോഡ് മുഴുവനായും സഞ്ചാര യോഗ്യമാകത്തക്ക വിധത്തിൽ ടാറിംഗ് ഉൾപ്പെടെയുള്ള എല്ലാ പണികളും പൂർണ്ണമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്യുന്നതിനു പകരം ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്റ്റിവിറ്റി ഭൂപടം ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എത്രയും വേഗം റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കേണ്ടതും വാർഡ് അടിസ്ഥാനത്തിൽ പദ്ധതിപണം പങ്കുവെക്കുന്നതിനു പകരം വ്യക്തമായ ലക്ഷ്യബോധത്തോടെ പദ്ധതികൾ ആസൂത്രണം നടത്തേണ്ടതുമാണ്.

(iv) അംഗൻവാടി അറ്റകുറ്റപ്പണിക്കായി വിനിയോഗിച്ച തുക സംബന്ധിച്ച് വ്യക്തതയില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്കായി പഞ്ചായത്തിന്റെ തനത് ഫണ്ട് ട്രഷറി എസ്.ബി. അക്കൗണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

(a)പ്രൊജക്റ്റ് നം.SO049/18 അംഗൻവാടി നമ്പർ 69 അറ്റകുറ്റപ്പണികളും നവീകരണവും (വാർഡ് 5)

അടങ്കൽ-കേന്ദ്രാവിഷ്കൃത പദ്ധതി-60,000

മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)-90,000

കരാറുകാരൻ-പി.എച്ച്.അഷറഫ്

അളവുപുസ്തകം 44/15-16 പേജ് 22, പഞ്ചായത്തിന്റെ ചെലവ് വൗച്ചർ നമ്പർ 21700949/ട്രഷറി SB തനത് ഫണ്ട് ചെക്ക് നമ്പർ 98772720/28.3.2018 എന്നിവ പ്രകാരം 60,000/-രൂപ 31.3.2018 ൽ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

(b) പ്രൊജക്റ്റ് നം.SO053/18 അംഗൻവാടി നമ്പർ 76 അറ്റകുറ്റപ്പണികളും നവീകരണവും (വാർഡ് 10)

അടങ്കൽ-കേന്ദ്രാവിഷ്കൃത പദ്ധതി-60,000

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)-1,74,000

കരാറുകാരൻ-പി.എച്ച്.അഷറഫ്

അളവുപുസ്തകം 46/15-16 പേജ് 44, പഞ്ചായത്തിന്റെ ചെലവ് വൗച്ചർ നമ്പർ 21700950, ട്രഷറി SBചെക്ക് നമ്പർ 9872720/28.3.2018 എന്നിവ പ്രകാരം 45031/-രൂപ 28.3.2018-ൽ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ പ്രകാരം 3/2018-ൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുകകൾ തനത് ഫണ്ട് വിഹിതമാണെന്നാണ് വാർഷിക കണക്കിലെ അനുബന്ധ ലെഡ്ജറിലും ബില്ല് രജിസ്റ്ററിലും രേഖപ്പെടുത്തിക്കാണുന്നത്. മരാമത്ത് പ്രവൃത്തിക്കായി മേൽ പറഞ്ഞ പ്രകാരം വിനിയോഗിച്ച 1,05,031/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതാണോ/ഈ പ്രവൃത്തിക്കായി പ്രത്യേകം കേന്ദ്രവിഹിതം ലഭിച്ചിട്ടുള്ളതാണോ/ അംഗൻവാടി പ്രവർത്തനങ്ങൾക്കായി മുൻവർഷങ്ങളിൽ പഞ്ചായത്തിന് ലഭിച്ച കേന്ദ്രവിഹിതത്തിൽ നീക്കിയിരിപ്പുള്ള തുക ഉപയോഗപ്പെടുത്തിയതാണോ എന്നത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആയതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.
പ്രൊജക്റ്റിൽ കേന്ദ്രവിഹിതം വകയിരുത്തി, തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഈ പ്രൊജക്റ്റിനായി

കേന്ദ്രവിഹിതം ലഭിക്കുന്ന മുറക്ക് ആയത് തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

(vii) തെറ്റായ സ്റ്റാന്റിംഗ് കമ്മിററി തീരുമാനം രേഖപ്പെടുത്തി പദ്ധതിക്ക് അംഗീകാരം നേടി

പ്രവൃത്തിയുടെ പേര്-പോർക്കുളം എസ്.സി. കമ്മ്യൂണിറ്റി ഹാളിന് അടുക്കള നിർമ്മാണം-കരാറുകാരന് തുക നൽകുന്നതിനുള്ള
പ്രൊജക്റ്റ് പ്രൊജക്റ്റ് നം-S0156/18,
അടങ്കൽ, എസ്.സി.പി.-5,00,000/-
കരാറുകാരൻ-പി.എച്ച്. അഷറഫ്
എസ്റ്റിമേറ്റ്തുക –4,90,000/-(0.1%below)
ട്രഷറി ബിൽ ക്രമ നം.32/9.2.2018, ₹413709/-

2014-15 വർഷത്തെ വാർഷിക പദ്ധതിയിൽ ബഹുവർഷ പ്രൊജക്റ്റായി (2014-15, 15-16) ഉൾപ്പെടുത്തിയിരുന്ന പോർക്കുളം എസ്.സി കമ്മ്യൂണിറ്റി ഹാളിന് അടുക്കള നിർമ്മാണം എന്ന പ്രവൃത്തി 2016-17, 2017-18 വർഷങ്ങളിൽ സ്പിൽ ഓവർ പ്രൊജക്റ്റായി തുടർന്നു. ഈ പ്രവൃത്തിക്കായി ടെണ്ടർ വിളിച്ച്, കരാർ ചമച്ച്, കരാറുകാരൻ ശ്രീ.പി.എച്ച്. അഷറഫിന് 5.11.2014ന് സൈറ്റ് കൈമാറിയതാണ്. പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി 4.4.2015 (പിഴ കൂടാതെ സമയം അനുവദിക്കാവുന്നത്-4.5.2015 വരെ) ആയിരുന്നു. അളവു പുസ്തകം 42/15-16 പേജ് 1 പ്രകാരം ആദ്യഅളവ് എടുത്തിരിക്കുന്നത് 14.1.2016-നും അവസാന അളവെടുത്തത് 16.5.2017-നും ആണ്.

5.5.2015 മുതൽ 16.5.2017 വരെ കരാറിനു വിരുദ്ധമായി പ്രവൃത്തി പൂർത്തീകരണം നീണ്ടുപോയിട്ടുണ്ട്. കരാർ വ്യവസ്ഥ 9 അനുസരിച്ച്, കരാറുടമ്പടി പ്രകാരം പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാലു ദിവസത്തിനകം കരാർ റദ്ദാക്കുകയും പ്രവൃത്തി മറ്റൊരു ഏജൻസിവഴി പൂർത്തിയാക്കേണ്ടതുമായിരുന്നു. അപ്രകാരം നടപടി സ്വീകരിച്ചില്ല. ആയതിനു പകരം പഞ്ചായത്ത് കമ്മറ്റി തീരുമാനം 1(5)/10.7.2017 പ്രകാരം മേൽ പ്രവൃത്തിയുടെ പൂർത്തീകരണം പിഴയോടെ 30.6.2017 വരെ ദീർഘിപ്പിച്ചു നൽകി. എന്നാൽ ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി 3/19.7.2018-ൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയുണ്ടായി.

കരാറുകാരന് തുക നൽകുന്നതിനായി 2017-18-ൽ പുതിയ പ്രൊജക്റ്റായി ഉൾപ്പെടുത്തിയ ഈ പ്രവൃത്തിയുടെ പ്രൊജക്റ്റ് രൂപീകരണ ഫോറം, ഭാഗം K -'സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ ' എന്നതിനു നേരെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 88/10.5.2017 എന്നു രേഖപ്പെടുത്തി കാണുന്നു. ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മേൽ പറഞ്ഞ നമ്പറിലുള്ള തീരുമാനം ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ടതല്ല. വികസനകാര്യ സ്റ്റാന്റിഗ് കമ്മിറ്റി ഈ പ്രവൃത്തി 2017-18 വർഷത്തേക്ക് സ്പിൽ ഓവറാക്കുന്നതോ, കാലാവധി നീട്ടി നൽകുന്നതോ ആയ വിഷയങ്ങളിൽ തീരുമാനങ്ങളെടുത്തതായി മിനിട്സിൽ കാണുന്നില്ല. തെറ്റായ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം രേഖപ്പെടുത്തിയാണ് പ്രൊജക്റ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. മരാമത്ത് പണികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും മോണിട്ടറിംഗ് നടത്തുന്നതിനും ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, വികസനസ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

## 3-7 ഊർജ്ജം

സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതികൾ - വർക്കിംഗ് ഗ്രൂപ്പ്-വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തലങ്ങളിൽ ചർച്ച നടത്തിയിട്ടില്ല

(I)പ്രൊജക്ററ് രൂപീകരണഫോറത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം രേഖപ്പെടുത്തിയതിലെ അപാകത

2017-18 ൽ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ പ്രൊജക്ററ് രൂപീകരണഫോറത്തിൽ ധനകാര്യ/വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകളിൽ അപ്രകാരം തീരുമാനങ്ങൾ കാണുന്നില്ല.

(i)പഞ്ചായത്ത് ഓഫീസിലേക്ക്സോളാർപാനൽ, SO106/18

പ്രൊജക്ററ് രൂപീകരണഫോറം ഭാഗം K-സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ എന്നതിനു നേരെ
ഫൈനാൻസ് കമ്മറ്റി തീരുമാനം നം .3/18.5.2017

(ii)ആശുപത്രി കെട്ടിടത്തിന് സോളാർപാനൽ വാങ്ങൽ, SO158/18

പ്രൊജക്റ്റ് രൂപീകരണഫോറം ഭാഗം K-സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ എന്നതിനു നേരെ വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നം .1/17/12.5.2017 :- ഇപ്രകാരം രേഖപ്പെടുത്തിയാണ് പദ്ധതികൾക്ക് അംഗീകാരം നേടിയിട്ടുള്ളത്. എന്നാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി 18.5.2017 തിയതിയിലോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 12.5.2017 തിയതിയിലോ മറ്റേതെങ്കിലും തിയതികളിലോ മേൽപ്രകാരം തീരുമാനങ്ങളെടുത്തിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ തീരുമാനം രേഖപ്പെടുത്താൻ വിട്ടുപോയതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.5.2017ലെ തീരുമാനത്തിൽ, ജനറൽ കമ്മിറ്റിയുടെ അനുമതിക്കായി ശുപാർശ ചെയ്ത 2017-18 കാലയളവിലേക്കുള്ള 49 പ്രൊജക്റ്റുകളിൽ ഇവ ഉൾപ്പെട്ടിട്ടില്ല. പൊതുമരാമത്ത് (ഊർജ്ജം,വൈദ്യുതി ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിലും മേൽ പറഞ്ഞ പ്രൊജക്റ്റുകളെ സംബന്ധിച്ച് ചർച്ച നടന്നതായി മിനിട്സിൽ കാണുന്നില്ല. എന്നാൽ പഞ്ചായത്ത് കമ്മറ്റിയുടെ 19.5.2017 തിയതിയിലെ 1(11)-ാം നമ്പർ തീരുമാനപ്രകാരം ഈ രണ്ടു പ്രൊജക്റ്റുകൾക്കും ഭരണാനുമതി നൽകിയിട്ടുമുണ്ട്. വർക്കിംഗ് ഗ്രൂപ്പിലും സ്റ്റാന്റിംഗ് കമ്മറ്റിയിലും ചർച്ച ചെയ്യാത്ത പ്രൊജക്റ്റുകളാണ് നടപ്പാക്കിയിട്ടുള്ളത് എന്നു കാണുന്നു.

(II) കൃത്യമായ പഠനമില്ലാതെ പ്രൊജക്റ്റ് നടപ്പാക്കി

മുകളിൽ പറഞ്ഞ, പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പാനൽ, SO106/18 എന്ന പദ്ധതിപ്രകാരം ടെന്റർ വിളിച്ച്, ANERT-ന്റെ അംഗീകാരത്തോടെ, Ecomate Energy Solutions എന്ന സ്ഥാപനത്തിൽനിന്നും 4,97,700/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 5KW ശേഷിയുള്ള OFF Grid സോളാർ പാനൽ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം.49/23.1.2018)

ANERT-ന്റെ Solar smart – option 1 പട്ടികയിലെ 5KW ശേഷിയുള്ള ഇനമാണ് സ്ഥാപിച്ചത്. Ecomate-ന്റെ ബില്ല് EES/2017-18 /A-73/20.12.2017 പ്രകാരം 260 WP സോളാർ പാനൽ 20എണ്ണം, 200 AH ബാറ്ററി 16 എണ്ണം എന്നിവയാണ് ഇൻസ്റ്റാൾ ചെയ്തത്. യഥാർത്ഥ വില 700200/-, അനർട്ട് നൽകുന്ന സബ്സിഡി=202500/-, ഗുണഭോക്താവ് നൽകേണ്ടത്= 4,97,700

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചിരുന്ന മഴവെള്ളം കിണറിലേക്ക് റീചാർജ് ചെയ്യൽ എന്ന പദ്ധതി ഒഴിവാക്കിയതിനെ തുടർന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3/8.1.2018-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിലെ ഓഫ് ഗ്രിഡ് സോളാർപാനൽ, ഓൺഗ്രിഡ് ആക്കുന്നതിന് ഒരു പുതിയ പ്രൊജക്റ്റ് വയ്ക്കാൻ ശുപാർശ ചെയ്തു .
പുതിയ പ്രൊജക്റ്റ് നമ്പർ SO197/18, അടങ്കൽ വികസനഫണ്ട് (ജനറൽ)-10,000 + ധനകാര്യകമ്മീഷൻ ഗ്രാന്റ്-3,80,000/- ആകെ=3,90,000/-

ഓഡിറ്റ് വർഷം ഈ പ്രൊജക്റ്റ് നടപ്പാക്കിയിട്ടില്ല, 2018-19-ലേക്ക് സ്പിൽ ഓവർ ആക്കിയിട്ടുണ്ട്. ആയതിന് കരാർ വച്ചതായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ കാണുന്നു.
പഞ്ചായത്തിന്റെ വൈദ്യുതി ബിൽ കുറക്കുക എന്ന ഉദ്ദേശത്തോടെയാണ് ആദ്യ പ്രൊജക്റ്റ് ആസൂത്രണം ചെയ്തിട്ടുള്ളത്. നിലവിലെ ഓഫ് ഗ്രിഡ് സോളാർപാനൽ ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാലാണ് 5KW ഓൺ ഗ്രിഡ് സോളാർപാനൽ സ്ഥാപിക്കുന്നതിനും ആയതിന് പഞ്ചായത്ത് ഓഫീസ് പുനർവൈദ്യുതീകരണം നടത്തി 3 ഫേസ് ആക്കുന്നതിനും പദ്ധതികൾ രൂപീകരിച്ചതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതായത് രണ്ട് പ്രൊജക്റ്റുകളിലായി ആകെ 10 KW ശേഷിയുള്ള സോളാർപാനലാണ് സ്ഥാപിക്കുന്നത്. 12/2017ൽ ഓഫ് ഗ്രിഡ് പാനൽ സ്ഥാപിച്ചത് 4,97,700/- രൂപ ചെലവഴിച്ചാണ്. 5KW ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പാനലിന് ഇക്കോമേറ്റിന് സബ്സിഡി കഴിച്ച് നൽകേണ്ട തുക ₹282129/- രൂപയാണ്. അതായത് രണ്ട് പ്രൊജക്റ്റുകളിലുമായി 10 KW സോളാർ പാനൽ സ്ഥാപിച്ചതിന് 779829/- രൂപയാകും. വൈദ്യുതി കണക്ഷൻ ശൃഖലയുമായി (KSEB) ബന്ധിപ്പിച്ചുകൊണ്ടുള്ള ഓൺ ഗ്രിഡ് സിസ്റ്റത്തിന് വില കുറവാണെന്നു കാണുന്നു. അനർട്ടിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന "Solar Connect 2017-18 Price details of Empanelled Agencies" എന്ന വിലവിവരപട്ടിക അനുസരിച്ച് 10KW ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പാനലിന് ഇക്കോമേറ്റ് എനർജി സൊല്യൂഷൻസിന്റെ വില 7,24,500/-രൂപയും ആയതിന് അനർട്ട് നൽകുന്ന സബ്സിഡി 1,70,771/- രൂപയും ഗുണഭോക്താവിന്റെ വിഹിതം 5,53,729/- രൂപയുമാണ്. ഇതിൽ നിന്നും 10KW ഓൺഗ്രിഡ് സ്ഥാപിക്കുന്നതിന് ഒറ്റ പ്രൊജക്റ്റായി നടപ്പാക്കുന്നതിന് ചെലവു കുറവാണെന്നാണ് വ്യക്തമാകുന്നത്.
പഞ്ചായത്ത് ഓഫീസിന്റെ വൈദ്യുതി ഉപഭോഗം സംബന്ധിച്ച് കൃത്യമായ പഠനം നടത്തി, (സി ഡിറ്റിന്റെ ഒരു ഡാറ്റകളക്ഷൻഷീറ്റ് ഫയലിൽകാണുന്നുണ്ട്.) വർക്കിംഗ് ഗ്രൂപ്പ്-സ്റ്റാന്റിംഗ് കമ്മിറ്റി തലങ്ങളിൽ ചർച്ച നടത്തി വിദഗ്ധരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പ്രൊജക്റ്റ് നടപ്പാക്കിയിരുന്നെങ്കിൽ കുറച്ചുകൂടി ലാഭകരമായി പദ്ധതി നടപ്പാക്കാമായിരുന്നുവെന്ന് വിലയിരുത്തുന്നു.

## 3-8 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി, തെരുവ് വിളക്കുകൾക്കാവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - കൃത്യമായ അടിസ്ഥാന വിവരങ്ങളും കണക്കുകളുടെയും അഭാവത്തിൽ പദ്ധതി നിർവ്വഹണം നടത്തി

i) 1) പ്രോജക്ട് -സ്ട്രീറ്റ് ലൈറ്റ് എ.എം സി

പ്രോജക്ട് നമ്പർ - 1/18 (സ്പിൽ ഓവർ, 31/17)

നിർവ്വഹണം -സെക്രട്ടറി

പദ്ധതി ചെലവ് -250000/-

ബിൽ നമ്പർ -1) 11/17-18dt.26/7/17,തുക -75000/-

2)63/17-18 dt.22/3/18 തുക -175000/-

സ്റ്റാന്റിങ്ങ് കമ്മറ്റി - വികസനം

വർക്കിങ്ങ് ഗ്രൂപ്പ് -പൊതുമരാമത്ത് (വൈദ്യുതിയും, ഊർജ്ജവും ഉൾപ്പെടെ)

2016-17 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ 31/17 ആയി ആരംഭിക്കുകയും 2017-18ൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കുകയും ചെയ്ത മേൽ പദ്ധതിക്കായി 12/01/17-ൽ ടെണ്ടർ ക്ഷണിക്കുകയും കെ.കെ.വേണഗോപാൽ, കൊല്ലായിപ്പടി വീട് എന്നയാൾ മാത്രം ടെണ്ടറിൽ പങ്കെടുക്കുകയും തുടർന്ന് ഒരാൾ മാത്രം പങ്കെടുത്തതിനാൽ 19/1/17 റീടെണ്ടർ ക്ഷണിക്കുകയും വേണഗോപാലിനെ കൂടാതെ ധനേഷ്.കെ.കെ. കുറുപ്പത്ത് വളപ്പിൽ എന്നൊരാൾ കൂടി ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തു. ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെ.കെ.വേണഗോപാലിന് കരാർ അനുവദിച്ച നല്കി. കരാർ കാലാവധി 16/2/17 മുതൽ ഒരു വർഷം. ഇതിൽ പ്രകാരം നടത്തിയ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾക്കാണ് മേൽ പ്രകാരം തുക (250000/-) നല്കിയിട്ടുള്ളത്. ഈ പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം സംബന്ധിച്ച യാതൊരു കണക്കും പഞ്ചായത്തിലില്ല. ഇതിന്റെ അടിസ്ഥാനത്തിൽ അല്ല ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

2) കെ.കെ.വേണഗോപാൽ ആദ്യം സമർപ്പിച്ച ടെണ്ടറിനേക്കാൾ വളരെ ഉയർന്ന നിരക്കാണ് രണ്ടാമത് സമർപ്പിച്ച ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്തത്. എന്നാൽ ധനേഷ് കെ.കെ. കുറുപ്പത്ത് വളപ്പിൽ സമർപ്പിച്ച നിരക്കിനേക്കാൾ കുറവായിരുന്നതിനാൽ വേണഗോപാലിന് കരാർ അനുവദിച്ചു. ക്വോട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കുകളുടെ ഇനം | ആദ്യത്തെ ടെണ്ടർ നിരക്ക് കെ.കെ.വേണുഗോപാൽ | രണ്ടാമത്തെ ടെണ്ടർനിരക്ക് | |
|---|---|---|---|
| | | കെ.കെ.വേണുഗോപാൽ | ധനേഷ് കെ.കെ. |
| സി.എഫ്.എൽ. (ഒന്നിന് ) | 100 | 300 | 350 |
| സി എഫ് എൽ (രണ്ടെണ്ണം) | --- | 350 | 400 |
| സിങ്കിൾ ട്യൂബ് | 200 | 450 | 550 |
| ഡബിൾ ട്യൂബ് | 250 | 500 | 60 |

സർക്കാർ ഉത്തരവ് (പി) നം.259/2010/ത.സ്വ.ഭ.വ. തീ.08/11/2010 ഖണ്ഡിക 5 പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടറിലെ നിരക്ക് മുൻ ടെണ്ടറിനേക്കാൾ സാരമായ തോതിൽ കൂടുതലാണെങ്കിൽ ആയതിന്റെ കാരണം വിശകലനം ചെയ്ത് പുനർടെണ്ടർ നടപടി പരിഗണിക്കേണ്ടതാണ്. അതേ സമയം തന്നെ പഞ്ചായത്തിന് കുറഞ്ഞത് 3 സോഷ്യൽ ഓഡിറ്റ് കമ്മറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ലേലക്കാരനുമായി കൂടിയാലോചന നടത്തി നിരക്കിൽ കുറവിന് ശ്രമിക്കാവുന്നതാണ്. ആയതിനുശേഷം പുനർ ടെണ്ടർ നടപടി പരിഗണിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ ഈ നടപടി ക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല.

3) കരാറുകാരൻ അംഗീകൃത ലൈസൻസിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. (തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ഖ.2നുള്ള കുറിപ്പ് (ഡി) നിർദ്ദേശിച്ചിട്ടുള്ളത്). പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടിയാനെ നിയമിച്ചു എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി (9/20.07.18)യിൽ അറിയിച്ചിട്ടുള്ളത്. പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4) പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2നുള്ള കുറിപ്പ് (ഇ)നിർദ്ദേശിച്ചിട്ടുള്ളത്. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുൻപ് കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ഒന്നും രേഖപ്പെടുത്തി കാണുന്നില്ല.

6) വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്. ഈ കണക്കുകളിൽ എന്ന്, എപ്രകാരമുള്ള പണി നടത്തിയെന്നോ വ്യക്തമാക്കുന്നില്ല. കുറെ ഇലക്ട്രിക്ക് പോസ്റ്റുകളുടെ നമ്പർ മാത്രമാണ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി കാണുന്നത്. ഇപ്രകാരം നല്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തൻവർഷം കരാറുകാരന് തുക നല്കുന്നതിനായി 2,85250/-, 2,77,300/- (ആകെ 562550/-) എന്നീ രണ്ടു തുകകളുടെ സ്റ്റേറ്റുമെന്റുകൾ തയ്യാറാക്കിയിട്ടുണ്ട് ഫയൽ പ്രകാരം. എന്നാൽ അടങ്കൽ തുകയായ ആകെ 2,50,000/- രൂപ നല്കി കരാർ അവസാനിപ്പിച്ചു. കരാറുകാരൻ ബാക്കി തുക ആവശ്യപ്പെട്ടിട്ടുമില്ല. ഇതിൽ നിന്നും വ്യക്തമാകുന്നത് നല്കിയ കണക്കുകൾ യഥാർത്ഥത്തിൽ ഉള്ളതല്ലയെന്നും തെറ്റായ കണക്കുകൾ നല്കി അധികം തുക ഈടാക്കാൻ ശ്രമിച്ചു എന്നുമാണ്. മാത്രമല്ല അറ്റകുറ്റപ്പണി സംബന്ധിച്ച് വിലയിരുത്തൽ നടത്താതെ വാർഡ് മെമ്പർമാർ കരാറുകാരൻ നല്കുന്ന തെറ്റായ കണക്കുകൾ അംഗീകരിച്ചു നല്കുക വഴി പദ്ധതിപ്പണത്തിന്റെ ദുർവിനിയോഗത്തിനുള്ള അവസരം കൂടി സൃഷ്ടിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

7)ഇതുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിങ്ങ് എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ പദ്ധതിയ്ക്കു അംഗീകാരം നല്കുന്ന തീരുമാനം മാത്രം ഉൾപ്പെടുത്തിയിട്ടുള്ളൂ. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വർക്കിങ്ങ്ഗ്രൂപ്പ് പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നല്കിയിട്ടില്ല, സെക്രട്ടറിയുടെ കംപ്ളീഷൻ സർട്ടിഫിക്കറ്റില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 166വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക) ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഈ

വിഷയത്തിൽ പഞ്ചാത്ത് കമ്മറ്റിയുടെയും, വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും, അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ii) പ്രോജക്റ്റ് --തെരുവ് വിളക്കുകൾക്കാവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്റ്റ് നമ്പർ - 1)2/18 (spill over project -32/17)

ബിൽ നം. -37/17-18 dt.24/11/17 ,ഇക -92614/-

2)104/18 (തൻവർഷ പ്രോജക്റ്റ്)

ബിൽ നം. -59/17-18 dt.13/03/18, ഇക-205916/-

നിർവ്വഹണം - സെക്രട്ടറി

സ്റ്റാന്റിങ്ങ് കമ്മറ്റി - വികസനം

വർക്കിങ്ങ് ഗ്രൂപ്പ് -പൊതുമരാമത്ത് (വൈദ്യുതിയും, ഊർജ്ജവും ഉൾപ്പെടെ)

തൻവർഷം തെരുവ് വിളക്കുകൾക്കാവശ്യമായ അനുബന്ധ ഉപകരണങ്ങൾ (സ്പിൽ ഓവർ, പുതിയത് എന്നീ രണ്ട് പദ്ധതികൾ) മേൽ നമ്പർ പ്രോജക്റ്റുകൾ പ്രകാരം വാങ്ങുകയുണ്ടായി. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇപ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത ശേഷം മൊത്തമായി മെമ്പർമാർക്ക് വിതരണം ചെയ്തിട്ടുള്ളതായിക്കാണുന്നു. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്തിൽ ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് കരാറുകാരൻ പരിശോധിച്ച് ആവശ്യകതയുടെ അടിസ്ഥാനത്തിൽ സാധനങ്ങൾ വാർഡ് മെമ്പർമാർ കൈപ്പറ്റി കരാറുകാരന് നല്കേണ്ടതിനു പകരം ഇപ്രകാരം നല്കാനുണ്ടായ സാഹചര്യം ഓഡിറ്റ് എൻക്വയറി മുഖേന (എൻക്വയറി നം.9/20.7.18) അറിയിക്കുവാൻ ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ സ്ഥല പരിമിതി മൂലമാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം മെമ്പർമാർ കൈപ്പറ്റിയ സാധനങ്ങളുടെ വിനിയോഗം സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ വിനിയോഗവിവരം ലഭ്യമാക്കിയിട്ടുമില്ല. ഓരോ വർഷവും വാങ്ങൽ നടത്തുന്നത് കൃത്യമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ അല്ല. ആവശ്യകത നിർണ്ണയിക്കുന്നതിനാവശ്യമായ കണക്കുകൾ പഞ്ചായത്തിൽ ഇല്ല. എല്ലാ വാർഡുകളിലും ആവശ്യകതയ്ക്ക് അനുസരിച്ച് സാധനങ്ങൾ നല്കാൻ സാധിക്കാറില്ല എന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ട തെരുവ് വിളക്ക് പരിപാലനം നാളിതുവരെയായിട്ടും കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ലയെന്നാണ് മറുപടിയിൽ നിന്ന് വ്യക്തമാകുന്നത്.

മേൽപ്രകാരം മെമ്പർമാർ കൈപ്പറ്റിയ ഉപകരണങ്ങളുടെ വിനിയോഗ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കരാറുകാരൻ അറ്റകുറ്റപ്പണി നടത്തിയ കണക്കുകളുമായി താരതമ്യപ്പെടുത്തി വിനിയോഗം, നീക്കിയിരിപ്പ് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് ഇകയായ 298530/- രൂപ (92614+205916) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി, തെരുവ് വിളക്ക് പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രോജക്റ്റുകൾ നിർവ്വഹിക്കുമ്പോൾ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കൂടി പാലിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1) പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ), തരം എന്നിവ (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ലൈൻ എക്സ്റ്റൻഷൻ നടത്തുമ്പോൾ യു.സി. (കെ.എസ്.ഇ.ബി.യിൽ നിന്ന് യു.സി. വാങ്ങുമ്പോൾ നടപ്പാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉൾപ്പെടെ-എത്ര മീറ്റർ ലൈൻ എക്സ്റ്റൻഷൻ നടത്തി, പുതുതായി എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചു, പോസ്റ്റുകൾ സ്ഥാപിച്ചത് തുടങ്ങിയ- വാങ്ങേണ്ടതാണ്) കിട്ടുന്ന മുറയ്ക്കു ടി രജിസ്റ്റർ കാലികമാക്കുന്നതിനും ഉദ്യോഗസ്ഥ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം വാർഷിക അറ്റകുറ്റപ്പണിക്ക് കരാർ ക്ഷണിക്കേണ്ടത്.

3) അറ്റകുറ്റപ്പണിക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങൽ പ്രക്രിയയും മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം.

4) വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിൽ എടുക്കേണ്ടതും പരാതി രജിസ്റ്ററിലെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സാധനങ്ങൾ വാർഡ് മെമ്പർമാർ കൈപ്പറ്റി കരാറുകാരന് നല്കേണ്ടതുമാണ്. സ്റ്റോക്കിലെ വിനിയോഗവിവരവും, കരാറുകാരൻ നല്കുന്ന പ്രവർത്തിയുടെ കണക്കുകളും പൊരുത്തപ്പെടുത്തി വേണം കരാർ അനുസരിച്ചുള്ള ഇക നല്കൽ.

5) വിനിയോഗിക്കാതെ ശേഷിക്കുന്ന ഇലക്ട്രിക് സാധനങ്ങളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും, തുടർ വർഷത്തിലെ വാങ്ങൽ പ്രക്രിയ ഇതനുസരിച്ച് പരിമിതപ്പെടുത്താനും കഴിയുംവിധം ആകണം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടത്.

6)സ്ഥല പരിമിതി മൂലം സാധനങ്ങൾ വാങ്ങി സ്റ്റോക്ക് ചെയ്യാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിൽ മേൽ

തയ്യാറാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ സാധനങ്ങൾ ഉൾപ്പെടെ അറ്റകുറ്റപ്പണി നടത്തുന്നതിന് കരാർ നടപടികൾ (അടാട്ട് മോഡൽ -ആയതിന് പഞ്ചായത്ത് ഡയറക്ടർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്) സ്വീകരിക്കാവുന്നതാണ്.

7) പദ്ധതി മോണിറ്ററിങ്ങ് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

മേൽ രജിസ്റ്ററുകളുടെ പരിപാലനം അനിവാര്യമാണ്. സ്റ്റാന്റിങ്ങ് കമ്മറ്റി - (വികസനം), വർക്കിങ്ങ് ഗ്രൂപ്പ് എന്നിവരുടെ ക്രിയാത്മകമായ നിർദ്ദേശങ്ങളും, വിലയിരുത്തലും പദ്ധതി നടത്തിപ്പിൽ അനിവാര്യമാണ്.

## 3-9 <u>പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -എസ്റ്റിമേറ്റ് ലഭ്യമാക്കാതെയും, കരാറിൽ ഏർപ്പെടുന്നതിന് മുൻപും തുക ഡെപ്പോസിറ്റ് നല്കി</u>

പ്രോജക്ട് നമ്പർ - 125/18

പ്രോജക്ട് - പൈപ്പ് ലൈൻ നീട്ടൽ

ബിൽ നമ്പർ –45/17-18, 29/11/17, തുക-221000/-

നിർവ്വഹണം - സെക്രട്ടറി

സ്റ്റാന്റിങ്ങ് കമ്മറ്റി –വികസനം

വർക്കിങ്ങ്ഗ്രൂപ്പ് –പൊതു മരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ)

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2017-18 കാലയളവിൽ മേൽ പ്രകാരം തുക കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതി അടങ്കൽ ആയി 221000/- രൂപ വകയിരുത്തുകയും തുടർന്ന് 18/9/17ലെ ബി2 -3395/15 കത്ത് മുഖേന സെക്രട്ടറി വാട്ടർ അതോറിറ്റിയിൽ നിന്നും വാർഡ് തിരിച്ച് എസ്റ്റിമേറ്റ് ആവശ്യപ്പെടുകയാണ് ചെയ്തിട്ടുള്ളത്. (വാർഡ് മെമ്പർമാർ തയ്യാറാക്കി നല്കിയ വാർഡ്തല ആവശ്യകത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ). ഇതിൻ പ്രകാരം വാട്ടർ അതോറിറ്റി 515000/- രൂപയുടെ എസ്റ്റിമേറ്റാണ് നല്കിയത്. എന്നാൽ ഇത്രയും തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 13/11/17-ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം 1(2) പ്രകാരം അടങ്കൽ തുകയിൽ പദ്ധതി ഉൾക്കൊള്ളിക്കുവാനും ബാക്കി 2018-19-ൽ രൂപീകരിക്കുന്നതിനും തീരുമാനിച്ചു. തുടർന്ന് 29/11/17-ൽ തുക കൈമാറുകയും 3/2/18-ൽ കരാർ വയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. കരാർ ഉടമ്പടി പ്രകാരം 30/6/18നകം പൂർത്തീകരിക്കണം. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ, കേരള ജല അതോറിറ്റിയുടെ 26/6/18-ലെ നം.10/3290 /2017/gen/ae/kkm കത്തിൽ വാർഡ് 10ൽ ആര്യ മഹർഷി റോഡ് മുതൽ കലശമല അംഗനവാടി വരെ നിലവിൽ പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ മാത്രമാണ് ഉള്ളത് എന്നും പുതുതായി സ്ഥാപിക്കുന്ന പൈപ്പ് ലൈനിൽ ജല അതോറിറ്റിയുടെ വെള്ളം ലഭിക്കുന്നതിനായി ജല അതോറിറ്റിയുടെ പൈപ്പ് ലൈനുമായി ബന്ധിപ്പിക്കുന്നതിന് 75 മീറ്ററോളം പൈപ്പ് ലൈൻ കൂടുതലായി ഇടേണ്ടതായിട്ടുണ്ടെന്നും, 75 മീറ്ററോളം പൈപ്പ് ലൈൻ ഇവിടെ ഉപയോഗിക്കുമ്പോൾ പദ്ധതിയിൽ ഉൾപ്പെട്ട വാർഡ് 3ൽ പൈപ്പ് ലൈൻ സ്ഥാപിക്കൻ പൈപ്പ് തികയാതെ വരുമെന്നും ആയതിനാൽ ആര്യമഹർഷി റോഡ് മുതൽ കലശമല വരെ ബാക്കിയുള്ള പൈപ്പ് ലൈൻ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ആയതിന് 30/6/18-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1(13)ൽ അനുമതി നല്കുകയും കേരള ജല അതോറിറ്റിയിൽ മുൻ വർഷങ്ങളിൽ പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്ത വിവധ പ്രവർത്തികൾക്കായുള്ള തുകയിൽ നീക്കിയിരിപ്പുള്ള (തുക വ്യക്തമാക്കിയിട്ടില്ല) തുക വിനിയോഗിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിന് ജല അതോറിറ്റിയോട് നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

<u>ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.</u>

1) ജി.ഒ(എം.എസ്)നം.72/2017/ത.സ്വ.ഭ.വ. തീ.29.3.17 (2017-18 വാർഷിക പദ്ധതി മാർഗ്ഗനിർദ്ദേശം) ഖണ്ഡിക 8.3(17)-ൽ ഒരു നിർമ്മാണ പ്രവർത്തിയ്ക്ക് കേരള ജല അതോറിറ്റി, കെ.എസ്.ഇ.ബി., ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നല്കണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നല്കിയതിനു ശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നല്കണം എന്നും തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം തുക മുൻകൂറായി നല്കാവൂ എന്നുമാണ് നർദ്ദേശിച്ചിട്ടുള്ളത്.
കേരള വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കാതെയാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. തുക വകയിരുത്തിയതിനു ശേഷം കേരള ജല അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും എസ്റ്റിമേറ്റ് അധികരിച്ചതിനാൽ വകയിരുത്തിയ തുകയിൽ പദ്ധതി പരിമിതപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്.

2) 29/11/17-ൽ തുക കൈമാറുകയും 3/2/18-ൽ കരാർ വയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. തുക നല്കുന്നതിന് മുൻപ് കരാറിൽ ഏർപ്പെട്ടില്ല. കരാർ ഉടമ്പടി പ്രകാരം 30/6/18നകം പൂർത്തീകരിക്കണം. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല ജല അതോറിറ്റിയുടെ ആവശ്യപ്രകാരം (വാട്ടർ അതോറിറ്റി അംഗീകരിച്ച് നല്കിയ 221000/-

രൂപയിൽ അധികരിച്ച്) 75 മീറ്റർ പൈപ്പ് അധികം ഇടാനുള്ള അനുമതിയും നല്കിയിട്ടുണ്ട്.

ആവശ്യകത നിർണ്ണയ പഠനം നടത്താതെയാണ് പഞ്ചായത്ത് പദ്ധതി ആസൂത്രണം നടത്തുന്നതെന്നും, എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയ കേരള ജല അതോറിറ്റി വ്യക്തമായ പഠനം നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയത് എന്നാണ് മേൽ നടപടികളിൽ നിന്നും മനസ്സിലാകുന്നത്. കേരള ജല അതോറിറ്റിയുടെ പൈപ്പ് ലൈൻ പ്രസ്തുത സ്ഥലത്ത് ഇല്ല എന്ന വസ്തുത ഉറപ്പാക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയത്. 12.5% സെന്റേജ് ചാർജ്ജ് കേരള ജല അതോറിറ്റിയ്ക്ക് നല്കുന്നുണ്ട്. വസ്തുനിഷ്ഠമായ പഠനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നല്കേണ്ടത് വാട്ടർ അതോറിറ്റിയുടെ ചുമതലയാണ്. പദ്ധതി അംഗീകാരം നല്കുകയെന്നതിനപ്പുറം നിർവ്വഹണം, മോണിറ്ററിങ്ങ് എന്നീ ഘട്ടങ്ങളിലൊന്നും സ്റ്റാന്റിങ്ങ് കമ്മറ്റികളോ, വർക്കിങ്ങ് ഗ്രൂപ്പോ കാര്യക്ഷമമായ ഇടപെടൽ നടത്തിക്കാണുന്നില്ല.

3) വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കരാർ കാലാവധിയ്ക്കുള്ളിൽ പദ്ധതി പൂർത്തികരിച്ച് കംപ്ളീഷൻ സർട്ടിഫിക്കറ്റ് ഇല്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 221000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനത്തിന് ചെലവഴിച്ച തുകയുടെ വിശദാംശം (ടി തുക മുൻപ് നല്കിയ ഏത് പ്രോജക്ടിൽ നിന്നും വകയിരുത്തിയെന്നതും ഉൾപ്പെടെ), ടി പദ്ധതിയിൽ എത്ര മീറ്റർ എക്സ്റ്റെൻഷൻ നടത്തി, പുതുതായി ടാപ്പുകൾ നല്കിയിട്ടുണ്ടെങ്കിൽ ഇവയെല്ലാം ഉൾപ്പെടുത്തി വിനിയോഗ സാക്ഷ്യ പത്രം വാങ്ങേണ്ടതാണ്.

പഞ്ചായത്ത് വർഷം തോറും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയുടെ കൃത്യമായ കണക്കുകൾ വാർഡ്, മേഖല തിരിച്ച് തയ്യാറാക്കേണ്ടതും ഇനി പൈപ്പ് ലൈൻ നീട്ടൽ ആവശ്യകത കണക്കാക്കി വാർഡ് തല രജിസ്റ്റർ തയ്യാറാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണം നടത്തേണ്ടതുമാണ്. ലൈൻ എക്സ്റ്റെൻഷൻ നടത്തുമ്പോൾ പ്രസ്തുത വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. പരമാവധി പൊതു ടാപ്പുകളുടെ എണ്ണം കുറച്ച് ഗാർഹിക കണക്ഷനുകൾക്ക് പ്രാമുഖ്യം നല്കുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുന്നത് പഞ്ചായത്തിന് സാമ്പത്തികമായി ഗുണകരമാണ്.

പൊതു ടാപ്പുകളുടെ വെള്ളക്കര ഇനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് തൻവർഷം 10,60,500/- (202 ടാപ്പുകൾക്ക്/5250 രൂപ ) നല്കിയിട്ടുണ്ട്. 202 ടാപ്പുകൾക്കാണ് വെള്ളക്കരം നല്കുന്നത്. നാളിതുവരെ വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് പഞ്ചായത്ത് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഈ വിഷയം എക്സിറ്റ് മീറ്റിങ്ങിൽ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പ്രവർത്തനക്ഷമമല്ലാത്ത നിരവധി ടാപ്പുകൾ പലതും കാട് പിടിച്ച് കണ്ടെത്താൻ കഴിയാത്ത വിധത്തിലാണെന്നും വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തനത് വരുമാനം കുറവായ പഞ്ചായത്ത് പ്രതിമാസം ഒരു ലക്ഷം രൂപയോളമാണ് വെള്ളക്കരം ഇനത്തിൽ അടച്ചു വരുന്നത്. സംയുക്ത പരിശോധന നടത്തി നിലവിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണ്ടെത്തി പാഴ് ചെലവ് ഒഴിവാക്കേണ്ടതാണ്.

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം Advance to implementing agencies -deposit with kerala water authority എന്ന ശീർഷകത്തിൽ 3863430/- രൂപ ക്രമീകരിക്കാതെ ശേഷിക്കുന്നു. ഇത് സംബന്ധിച്ച കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻവർഷം ഡെപ്പോസിറ്റ് ചെയ്ത 221000/- മേൽ സൂചിപ്പിച്ച അഡ്വാൻസ് ഹെഡ്ഡിൽ ബുക്ക് ചെയ്യുന്നതിന് പകരം Drinking water-pipelines (Rp -38 in receipt &payment- 410400103) എന്ന ആസ്തി ഹെഡ്ഡിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. യു.സി. കിട്ടിയതിനു ശേഷം മാത്രമാണ് ആസ്തിയാക്കി മാറ്റേണ്ടത്. ഇപ്രകാരം തെറ്റായി അക്കൗണ്ടു ചെയ്യുന്നതുമൂലം പദ്ധതി പൂർത്തീകരണം സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ, വിനിയോഗം, നീക്കിയിരിപ്പ്, ആസ്തി സൃഷ്ടിക്കൽ എന്നിവയുടെ കൃത്യമായ കണക്ക് ലഭ്യമല്ലാതാവുകയും ചെയ്യുന്നു. എല്ലാ മാസവും 5-ാം തീയ്യതിയ്ക്ക് മുൻപ് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിനിയോഗ വിവരം ലഭ്യമാക്കി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

## 3-10 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(iii) പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പട്ടികജാതി-പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമാർജ്ജനം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്) 72/2017 ത.സ്വ.ഭ.വ തീ 29.3.2017-ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

## 3-11 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട -ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടില്ല

പ്രോജക്ട് നമ്പർ - 137/18

പ്രോജക്ട് –ഭിന്നശേഷിക്കാർക്ക് പെട്ടിക്കട

ബിൽ നമ്പർ –71/17-18, 31/3/18, തുക-145000/-

സ്റ്റാന്റിങ്ങ് കമ്മറ്റി –ക്ഷേമ കാര്യം

വർക്കിങ്ങ് ഗ്രൂപ്പ് –സാമൂഹ്യ നീതി

തനത് ഫണ്ട് - 5000/- ചെക്ക് നം.107750/31.3.18.

മേൽ പ്രോജക്ട് പ്രകാരം 5 ഗുണഭോക്താക്കൾക്ക് പെട്ടിക്കട നല്കിയിട്ടുണ്ട് (30000 രൂപ നിരക്കിൽ). ജി.ഒ (എം.എസ്) നം.80/17/ ത.സ്വ.ഭ.വ. തീ.3/4/17 ഖണ്ഡിക 8.7 (8) പ്രകാരം പെട്ടിക്കടയുടെ നടത്തിപ്പ് മാത്രം ഗുണഭോക്താക്കൾക്കും ഉടമസ്ഥാവകാശം പഞ്ചായത്തിനുമാണ്. ഇത് സംബന്ധിച്ച് സെക്രട്ടറിയും ഗുണഭോക്താവും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാർ ഉടമ്പടിയിൽ ഉടമസ്ഥാവകാശം പഞ്ചായത്തിന് ഉൾപ്പെടുത്തി സെക്രട്ടറിയും ഗുണഭോക്താവും ഒപ്പ് വെച്ച് കരാർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

പെട്ടിക്കട നല്കിയ ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ, അടങ്കൽ തുക, ചെലവ് തുക, പ്രോജക്ട് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-12 അസിസ്റ്റൻറ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതികളിലെ അപാകത

1. ടെണ്ടർ സമർപ്പിക്കാൻ മതിയായ സമയം നൽകിയിട്ടില്ല.

ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ. തിയ്യതി.8-11-10 പ്രകാരം മതിപ്പ വില 100000/- രൂപയിൽ കൂടുതലുള്ള സമാഹരണങ്ങളുടെ ടെണ്ടർ പരസ്യം പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാള ദിനപത്രത്തിലും പ്രസിദ്ധപ്പെടുത്തണമെന്നും പരസ്യ തിയ്യതി മുതൽ 21 ദിവസം ടെണ്ടർ സമർപ്പിക്കാൻ സമയം നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.എന്നാൽ താഴെ പറയുന്ന പ്രവർത്തികളുടെ ടെണ്ടറിൽ മേൽ പറഞ്ഞ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

| പദ്ധതി നമ്പർ | അടങ്കൽ | ടെണ്ടർ പരസ്യ തിയ്യതി | പത്രപരസ്യം തിയ്യതി | ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി |
|---|---|---|---|---|
| 177/18, എസ്.സി. വിദ്യാർത്ഥികൾക്ക് കസേര, മേശ | 175000 | 8-9-17 | 13-9-17 | 22-9-17 |
| 175/18 എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ | 200000 | " | " | " |
| 160/18 75 വയസ്സിനു മുകളിലുള്ളവർക്ക് കട്ടിൽ | 217000 | " | " | " |
| 136/18 എസ്.സി. കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് | 312000 | " | " | " |

ഇത്തരം അപാകത ആവർത്തിക്കാതിരിയ്ക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-13 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതികളിലെ നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ : 190/17-18

ബിൽ നമ്പർ : 7/17-18/ തിയ്യതി.14-2-18

തുക : 344329

മേൽ പദ്ധതി പ്രകാരം 2017 സെപ്റ്റംബർ മുതൽ ഡിസംബർ വരെ അങ്കണവാടികളിൽ പച്ചക്കറികൾ വാങ്ങുന്നതിനായി 41039/- ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ സർട്ടിഫൈ ചെയ്ത തുകയല്ല മറിച്ച് വൗച്ചറുകളിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ഗുണഭോക്താക്കളുടെ എണ്ണമാണ് തുകയുടെ കോളത്തിൽ രേഖപ്പെടുത്തി അങ്കണവാടി വർക്കർമാർക്ക് നൽകിയിരിക്കുന്നത്. ഇപ്രകാരം തെറ്റായി രേഖപ്പെടുത്തുക വഴി താഴെ പറയും പ്രകാരം അധിക തുക നൽകിയിട്ടുണ്ട്.

| ഒക്ടോബർ 2017 | അങ്കണവാടി വർക്കറുടെ പേര് | അങ്കണവാടി നമ്പർ | നൽകേണ്ട തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| “ | തങ്കം | 61 | 161 | 322 | 161 |
| | രമ | 62 | 98 | 196 | 98 |
| | ബിന്ദു.ടി.കെ. | 63 | 139 | 278 | 139 |
| | ജൂലിയറ്റ് | 64 | 124 | 248 | 124 |
| | മാബൽസുജ | 65 | 149 | 299 | 150 |
| | രമ.പി.റ്റി. | 66 | 154 | 308 | 154 |
| | മല്ലിക | 67 | 146 | 293 | 147 |
| | ലിജി.c.v. | 68 | 131 | 262 | 131 |
| | ഷീജ.k.ജോജി | 69 | 246.5 | 493 | 246.5 |
| | തങ്കമണി | 70 | 141 | 282 | 141 |
| | ലീല.m.k. | 71 | 174 | 348 | 174 |
| | സുമ.k.k | 72 | 139 | 278 | 139 |
| | കോമളവല്ലി | 73 | 151.5 | 303 | 151.5 |
| | ഡോളി | 74 | 164 | 329 | 165 |
| | ശോഭന | 75 | 109.5 | 219 | 109.5 |
| | ആനിമോൾ | 76 | 125.5 | 251 | 125.5 |
| ഡിസംബർ | തങ്കം | 61 | 125.5 | 251 | 125.5 |
| | രമ.പി.റ്റി. | 66 | 124.5 | 249 | 124.5 |
| ആകെ | | | | | 2606 |

ബിൽ നമ്പർ - 13/17-18

തിയ്യതി –23-3-18

തുക –17797

മാർച്ച് മാസത്തിലും മേൽ പറഞ്ഞ അപാകത ആവർത്തിയ്ക്കുന്നു.

| മാർച്ച് | അങ്കണവാടി വർക്കറുടെ പേര് | അങ്കണവാടി നമ്പർ | നൽകേണ്ട തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| | തങ്കം | 61 | 193.5 | 387 | 193.5 |
| | രമ | 62 | 144 | 288 | 144 |
| | ബിന്ദു.ടി.കെ. | 63 | 177 | 354 | 177 |
| | ജൂലിയറ്റ് | 64 | 155 | 310 | 155 |
| | മാബൽസുജ | 65 | 98 | 196 | 98 |

| | | | | | |
|---|---|---|---|---|---|
| | രമ.പി.റ്റി. | 66 | 180 | 360 | 180 |
| | ലിജി.c.v. | 68 | 178.5 | 357 | 178.5 |
| | ഷീജ.കെ. ജോജി | 69 | 309 | 522 | 213 |
| | തങ്കമണി. സി.പി. | 70 | 129 | 258 | 129 |
| | സുമ.കെ.കെ. | 72 | 206.5 | 413 | 206.5 |
| | കോമളവല്ലി | 73 | 174 | 348 | 174 |
| | ഡോളി.P.K | 74 | 204.5 | 409 | 204.5 |
| | ശോഭന.K.V | 75 | 116.5 | 233 | 116.5 |
| | ആനിമോൾ.k.k | 76 | 155.5 | 311 | 155.5 |
| ആകെ | | | | | 2325 |

അധികം നൽകിയ 4931 രൂപ (2606+2325) ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 2017 സെപ്റ്റംബർ, നവംബർ എന്നീ മാസങ്ങളിലെ പച്ചക്കറികൾ വാങ്ങിയതിന്റെ വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല. വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ക്ഷേമ കാര്യ സ്ററാൻറിംഗ് കമ്മറ്റി മിനിട്സ്, വർക്കിംഗ് ഗ്രൂപ്പ് മിനിട്സ്, എന്നിവ പരിശോധിച്ചതിൽ നടപ്പിൽ വരുത്തിയ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് യാതൊരു തീരുമാനവും കൈക്കൊണ്ടതായി കാണുന്നില്ല. പദ്ധതി ആസൂത്രണം, നിർവഹണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച് തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. സ്ററാന്റിംഗ് കമ്മറ്റിയിൽ പദ്ധതിയ്ക്കു അംഗീകാരം നൽകുന്ന തീരുമാനം മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളു. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

## 3-14 വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതി നടത്തിപ്പിലെ അപാകതകൾ

1.പ്രൊജക്റ്റ് നമ്പർ –123/17-18
ചെലവ് തുക –825000/-
പദ്ധതിയുടെ പേര്-വീട് പുനരുദ്ധാരണം (എസ്.സി.)
ബിൽ നമ്പർ –7/17-18 തിയ്യതി.9-2-18 തുക-175000/-
സ്റ്റാൻറിംഗ് കമ്മറ്റി-ക്ഷേമകാര്യം
വർക്കിംഗ് ഗ്രൂപ്പ് -പാർപ്പിടം

മേൽ ബിൽ പ്രകാരം ഏഴുപേർക്ക് 25000/- രൂപ വീതം 175000/- രൂപ നൽകിയിരുന്നു. ആയതിൽ മോഹിനി അപ്പു എന്നവർ 14-3-18-ന് 25000/- രൂപ ട്രഷറിയിൽ തിരിച്ചടച്ചു.(HOA-3604-00-200-86(10)35) (DDO CODE-1309 520317) ചലാൻ നമ്പർ KL011712491201718M). പഞ്ചായത്തിന്റെ 2017-18 വർഷത്തെ ചെലവു പത്രിക പ്രകാരം 825000/- രൂപയാണ് ഈയിനത്തിലെ ചെലവ്. എന്നാൽ യഥാർഥ ചെലവ് 800000/- രൂപ മാത്രമാണ്. 2011-ലെ അക്കൗണ്ട്സ് റൂൾസ്, റൂൾ 16(3) പ്രകാരം നിർവഹണോദ്യോഗസ്ഥൻ തൊട്ടടുത്ത മാസം 5-ം തിയ്യതിക്ക് മുൻപായി തനിക്ക് കിട്ടിയ അലോട്ട്മെൻറിൽ നിന്നും ചെലവായ തുകയുടെ സ്റ്റേറ്റ്മെന്റ് സെക്രട്ടറിയ്ക്ക് നൽകേണ്ടതാണെന്ന് നിഷ്കർഷിയ്ക്കുന്നു. ടി വ്യവസ്ഥ പാലിയ്ക്കപ്പെട്ടിട്ടില്ല.

## 3-15 ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(iv)പ്രകാരം ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി പൊതുജനാരോഗ്യ, ശുചീകരണ, ശുദ്ധജലവിതരണം (കുടിവെള്ളം), അഴുക്കുചാൽ, പരിസ്ഥിതി, വിദ്യാഭ്യാസം, കലയും സംസ്കാരവും വിനോദവും എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ. തീ 29.3.2017-ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

## 3-16 മാലിന്യ സംസ്കരണം-ജെ.എൽ.ജി. ഗ്രൂപ്പിന് റിവോൾവിങ്ങ് ഫണ്ട് നല്കി-

## പദ്ധതി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - 4/18

പ്രോജക്ട് - മാലിന്യ പരിപാലനം -ബോധവത്ക്കരണം -റിവോൾവിങ്ങ് -ഫണ്ട്

ബിൽ നമ്പർ - 15/17-18 dt.8/8/17 തുക – 85550/-

നിർവ്വഹണം - സെക്രട്ടറി

സ്ററാന്റിങ്ങ് കമ്മിറ്റി – ആരോഗ്യം, വിദ്യാഭ്യാസം

വർക്കിങ്ങ് ഗ്രൂപ്പ് – കുടിവെള്ളം, ശുചിത്വം

ഗാർഹിക മാലിന്യ പരിപാലനത്തിന്റെ ഭാഗമായി 2016-17, 2017-18 കാലയളവിൽ പഞ്ചായത്ത് കിച്ചൻ ബിൻ എന്ന പദ്ധതി നടപ്പാക്കി. 2016-17ൽ പദ്ധതി അടങ്കൽ 640010/- (പ്രോജക്റ്റ് നമ്പർ 141/17), 2017-18ൽ പദ്ധതി അടങ്കൽ 444508 (പ്രോജക്റ്റ് നമ്പർ 133/18). ടി പദ്ധതിയുടെ ഭാഗമായി 830 ഗുണഭോക്താക്കൾക്ക് കിച്ചൻ ബിൻ നല്കിയിട്ടുണ്ട്. കിച്ചൻ ബിൻ പ്രവർത്തനത്തിന് കംബോസ്റ്റ് മീഡിയം (ഇനോക്കുലം) ആവശ്യമാണ്. ആയത് ഐ.ആർ.ടി.സി.യിൽ നിന്നും ഒരു യൂണിറ്റിന് 120 രൂപ നിരക്കിൽ വാങ്ങി ഗുണഭോക്താക്കൾക്ക് ആവശ്യപ്രകാരം 150 രൂപയ്ക്കു (30രൂപ കമ്മീഷൻ) കൃത്യസമയത്ത് എത്തിച്ചു നല്കുന്നതിന് മിത്രം ജെ.എൽ.ജി എന്ന കുടുംബശ്രീ ഗ്രൂപ്പുമായി (ഗ്രൂപ്പ് പ്രസിഡന്റ് സുജ കെ.വി, കർണ്ണംകോട്ട്, കൺവീനർ കൊച്ചന്ന, പുലിക്കോട്ടിൽ) പഞ്ചായത്ത് 13/7/17ൽ കരാറിൽ ഏർപ്പെട്ടു. ടി പ്രവർത്തിയ്ക്കുവേണ്ടി റിവോൾവിങ്ങ് ഫണ്ട് ആയിട്ടാണ് മേൽപ്രകാരം തുക ജെ.എൽ.ജി. യ്ക്ക് നല്കിയത്.

പ്രസ്തുത പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ (ഐ.ആർ.ടി.സി.യിൽ നിന്നും ഇനോക്കുലം വാങ്ങി നല്കിയതിന്റെയും, റിവോൾവിങ്ങ് ഫണ്ട് തിരിച്ചടവ്) ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.9/20.7.18 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമാക്കുകയുണ്ടായില്ല. സ.ഉ.(എം.എസ്)നം.80/2017/ത.സ്വ.ഭ.വ. തീ.3/4/17 ഖണ്ഡിക 6.2 പ്രകാരമുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ മേൽ ചെലവ് തുകയായ 85550/- പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ടി പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റി പദ്ധതിയ്ക്ക് അംഗീകാരം നല്കിയതല്ലാതെ നിർവ്വഹണം സംബന്ധിച്ച വിലയിരുത്തൽ ഒന്നും നടത്തിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സിൽ ഈ വിഷയം ചർച്ച ചെയ്തതിന്റെയോ മോണിറ്ററിങ്ങ് നടത്തിയതിന്റെയോ രേഖപ്പെടുത്തൽ ഒന്നും തന്നെയില്ല. നാളിതുവരെ പദ്ധതി ആരംഭിച്ചിട്ടില്ല. പദ്ധതി അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിന് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്. അല്ലാത്ത പക്ഷം തുക തിരികെ സർക്കാർ ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ -ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 15/18

പ്രോജക്ട് - മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

ബിൽ നമ്പർ –6/17-18 dt.14/7/17 തുക-65000/-

നിർവ്വഹണം - സെക്രട്ടറി

സ്റ്റാന്റിങ്ങ് കമ്മറ്റി –ആരോഗ്യം, വിദ്യാഭ്യാസം

വർക്കിങ്ങ് ഗ്രൂപ്പ് –വിദ്യാഭ്യാസം, കലാ-കായികം

പഞ്ചായത്തിന്റെ 13 വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി മേൽ ബിൽ പ്രകാരമുള്ള തുക സെക്രട്ടറി പോർക്കുളം പി.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസർക്ക് നല്കിയിട്ടുണ്ട്. ഫണ്ട് വിനിയോഗിച്ചതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 9/20.7.18 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടിയിൽ ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 65000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-18 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - തുക നല്കിയിട്ടും മരുന്ന് ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 69/18

പ്രോജക്ട് - ഹോമിയോ മെഡിസിൻ പർച്ചേസ്

ബിൽ നമ്പർ –64/17-18, 22/3/18, തുക-100000/-
നിർവ്വഹണം –സെക്രട്ടറി

സ്റ്റാന്റിങ്ങ് കമ്മറ്റി –ആരോഗ്യം, വിദ്യാഭ്യാസം

വർക്കിങ്ങ് ഗ്രൂപ്പ് - ആരോഗ്യം

ഹോമിയോ ആശുപത്രിക്ക മരുന്ന് വാങ്ങുന്നതിനായി മേൽ പ്രകാരം തുക കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഓഡിറ്റ് തിയതി വരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി, സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 100000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-19 എയ്ഡഡ് സ്കൂളിലേക്ക് പഠനോപകരണങ്ങൾ -ആവശ്യകത നിർണ്ണയിക്കാതെയും,ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ സ്ഥാപനത്തിന് ഉപകരണങ്ങൾ നല്കി

പ്രോജക്ട് നമ്പർ - 127/18

പ്രോജക്ട് –എയ്ഡഡ് സ്കൂളിലേക്ക് പഠനോപകരണങ്ങൾ

ബിൽ നമ്പർ –351/17-18, 17/11/17, തുക-25000/-

സ്റ്റാന്റിങ്ങ് കമ്മറ്റി –ആരോഗ്യം, വിദ്യാഭ്യാസം

വർക്കിങ്ങ് ഗ്രൂപ്പ് –വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം

പഞ്ചായത്ത് പരിധിയിൽ സർക്കാർ സ്കൂളുകൾ ഇല്ല. എയ്ഡഡ് സ്കൂളിലെ ലാബിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങി നല്കുന്നതിനായിട്ടാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 8/9/17-ൽ ടെണ്ടർ നടപടികൾ ആരംഭിച്ച് 22/9/17ൽ TBS publishers & distributors, kozhikkode എന്ന സ്ഥാപനത്തിന് ടെണ്ടർ നല്കിയതിനു ശേഷമാണ് സ്കൂളുകളിൽ നിന്ന് ആവശ്യമുള്ള ലാബ് ഉപകരണങ്ങളുടെ ലിസ്റ്റ് (സെക്രട്ടറിയുടെ 10/10/17ലെ ബി2/3395/15കത്ത്) ആവശ്യപ്പെട്ടിട്ടുള്ളത്. ഒരു സ്കൂൾ മാത്രമാണ് ലിസ്റ്റ് നല്കിയത്. ഫോൺ മുഖേന ലിസ്റ്റ് നല്കിയെന്നാണ് ഓഡിറ്റ് എൻക്വയറി നം.32/25.7.18-നുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ആവശ്യകത ഉറപ്പുവരുത്താതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

2) ഉപകരണങ്ങൾ 3 സ്കൂളുകൾക്കാണ് നല്കിയിട്ടുള്ളത്. ഡി.വി.എം. എൽ.പി.സ്കൂൾ, അകതിയൂർ, എം.കെ.എം.യു.പി. സ്കൂൾ, പോർക്കുളം, st.ജോസഫ് &st.സിറിൾസ് ഹയർ സെക്കന്ററി സ്കൂൾ, വെസ്റ്റ് മങ്ങാട് .

ജി.ഒ (എം.എസ്) നം.72/17/ത.സ്വ.ഭ.വ. തീ.29/3/17 ഖണ്ഡിക 12.9(3)ലെ നിബന്ധനകൾ പ്രകാരംഎസ്.എസ്.എ, ആർ.എം.എസ്.എ പരിപാടികളുടെ ആവർത്തനമല്ല എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

st.ജോസഫ് &st.സിറിൾസ് ഹയർ സെക്കന്ററി സ്കൂൾ, ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരുന്ന സ്ഥാപനമാണ്. ആവശ്യകത ഉറപ്പുവരുത്താതെയും, ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരാത്തതുമായ സ്ഥാപനത്തിന് തുക ചെലവഴിച്ചത് പദ്ധതിപ്പണത്തിന്റെ ദുർവിനിയോഗമാണ്. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത സ്ഥാപനത്തിനു വേണ്ടി 15391/- രൂപ ചെലവഴിച്ചത് ഓഡിറ്റ് നിരാകരിക്കുന്നു. ടി സ്ഥാപനത്തിന് നൽകിയ ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ലാബ് ഉപകരണം | എണ്ണം | വില | ആകെ തുക |
|---|---|---|---|
| ടെസ്റ്റ്ട്യൂബ് | 75 | 12 | 900 |
| കോണിക്കൽ ഫ്ലാസ്ക് | 25 | 116.82 | 2921.50 |
| ബീക്കർ | 25 | 73.16 | 1829 |
| പിപ്പെറ്റ് | 13 | 182.90 | 2378 |
| ബ്യൂറെറ്റ് | 13 | 566.40 | 7363 |

| ആകെ | | | 15391 |
|---|---|---|---|

## 3-20 മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതികളിലെ അപാകതകൾ

സ്റ്റാന്റിംഗ് കമ്മറ്റി ആരോഗ്യം വിദ്യാഭ്യാസവും

വർക്കിംഗ് ഗ്രൂപ്പ് ആരോഗ്യം

1.പ്രൊജക്റ്റ് നം.105/17-18
ബിൽ നമ്പർ - 5/17-18 തി.21-10-17
തുക - 100000/-

മേൽ ബിൽ പ്രകാരം ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 100000/- രൂപ കെ.എം.എസ്.സി.എൽ.-ന് നൽകിയിട്ടുണ്ട്. ആയതിൽ 42789/- രൂപയ്ക്കുള്ള മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളൂ. ബാക്കി 57211/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമാകാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു.

2. പ്രൊജക്റ്റ് നമ്പർ –110/17-18
ബിൽ നമ്പർ - 21/17-18 തി.26-3-18
തുക –75000

മേൽ ബിൽ പ്രകാരം ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 75000/- രൂപ കെ.എം.എസ്.സി.എൽ.-ന് നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 75000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. പ്രൊജക്റ്റ് നമ്പർ –110/17-18 (പാലിയേറ്റീവ് കെയർ)
ബിൽ നമ്പർ - 18/17-18 തി.21-3-18
തുക - 37500

മേൽ പ്രകാരമുള്ള തുകയിൽ നിന്നും 2500/- രൂപ ESS GEE പ്രസ്സിന് നൽകിയിട്ടുണ്ട്. ആയതിന്റെ വൗച്ചർ ലഭ്യമാക്കിയിട്ടില്ല. വൗച്ചർ ലഭ്യമാകാത്ത സാഹചര്യത്തിൽ 2500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4. പ്രൊജക്റ്റ് നം.110/17-18 (പാലിയേറ്റീവ് കെയർ)
ബ്ലോക്ക് വിഹിതം
തുക 100000/- ചെക്ക് നമ്പർ 791499

മേൽ ബിൽ പ്രകാരം ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 100000/- രൂപ കെ.എം.എസ്.സി.എൽ.-ന് നൽകിയിട്ടുണ്ട്. ആയതിൽ 72373 രൂപയ്ക്കുള്ള മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളൂ. ബാക്കി 27627/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു.

5. പ്രൊജക്റ്റ് നം.115/17-18 (ദേശീയ ആരോഗ്യ പരിപാടികളുടെ ശാക്തീകരണം)
ബിൽ നമ്പർ - 22 /17-18 തി.26-3-18 തുക 7700 രൂപ
ബിൽ നമ്പർ - 11 /17-18 തി.22-11.17 തുക 16600 രൂപ
ബിൽ നമ്പർ - 19 /17-18 തി.21-3.18 തുക 7750 രൂപ

മേൽ ബില്ലുകൾ പ്രകാരം ദേശീയ ആരോഗ്യ പരിപാടികളുടെ ശാക്തീകരണം എന്ന പദ്ധതിയിലേക്കായി വണ്ടി വാടകയിനത്തിൽ താഴെ പറയും പ്രകാരം തുക നൽകേണ്ടതായിട്ടുണ്ട്.

| വ്യക്തികളുടെ പേര് | തുക (രൂപ) |
|---|---|
| മനോജ് | 750 |
| ശിവദാസ് | 900 |
| വർഗ്ഗീസ് | 900 |
| ഷിഹാബുദ്ദീൻ | 1650 |
| മനോജ് | 14950 |
| മനോജ് | 800 |
| മനോജ് | 900 |

| ആകെ | 20850 |
|---|---|

മേൽ തുക ബന്ധപ്പെട്ട വ്യക്തികൾക്ക് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തുക PHC-യുടെ അക്കൗണ്ടിൽ ക്രെഡിറ്റായതായാണ് പരിശോധനയിൽ കണ്ടത്. തുക മേൽ പറഞ്ഞ വ്യക്തികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്ഷേമകാര്യ സ്ററാന്റിംഗ് കമ്മറ്റി മിനിറ്റ്സ്, വർക്കിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ നടപ്പിലാക്കിയ പ്രോജക്ട് സംബന്ധിച്ച് യാതൊരു അവലോകനവും നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല.

## 3-21 ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ : 122/17-18
ബിൽ നമ്പർ : 1/17-18 തി.13-11-17
തുക : 400000/-
സ്റ്റാൻറിംഗ് കമ്മിറ്റി : ആരോഗ്യവും വിദ്യാഭ്യാസവും
വർക്കിംഗ് ഗ്രൂപ്പ് : ആരോഗ്യം

മേൽ ബിൽ പ്രകാരം മരുന്ന് വാങ്ങുന്നതിനായി 400000/- രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ 316260/- രൂപയ്ക്കുള്ള മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ. 83740/- രൂപക്കുള്ള മരുന്ന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി തുക തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രതൃവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 40,000<br>5,00,000<br>2,50,000<br>1,50,000<br>1,00,000<br>1,50,000<br>3,00,000 | പാലിന് സബ്സിഡി<br>മുലയൂട്ടൽ കേന്ദ്രം<br>നെൽകൃഷി വികസനം<br>പച്ചക്കറി വികസനം<br>പാലിയേറ്റീവ്പരിചരണം<br>ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്,<br>അംഗൻവാടി പോഷകാഹാരം | 39,999<br>–<br>2,50,000<br>1,50,000<br>1,00,000<br>1,50,000<br>--- | 1<br>5,00,000<br>---<br>---<br>---<br>---<br>3,00,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,50,000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 55,600 | 94,400 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ നീട്ടൽ | -- | 4,65,125 | 4,65,125 | -- | ഓഡിറ്റ് തിയതിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| കെ.ഡബ്ള്യൂ.എ | പൈപ്പ് ലൈൻ നീട്ടൽ | വൗ.നം.21701069 തീയതി. 29-12-17 | 2,21,000 | | ---- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

വാർഷിക കണക്കു പ്രകാരം മുൻ വർഷങ്ങളിൽ KWA, KSEB എന്നീ ഏജൻസികൾക്ക് നൽകിയ യഥാക്രമം 3863430/-, 322486/- എന്നീ തുകകളുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ്, വിനിയോഗം, തിരിച്ചടവ്, തിരിച്ചടക്കാൻ ബാക്കി -ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2608/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2(1) | 750 | പി.എൻ.ദിനേശൻ | 3899/20-3-18 |
| | 2(2) | 750 | പ്രതാപ് കൃഷ്ണൻ | 3946/22-3-18 |
| | 2(3) | 700 | ജോസഫ് | 3967/23-3-18 |
| | 2(4) | 90 | ഗോപിനാഥൻ.എൻ.എം | 3974/23-3-18 |
| | 2(5) | 120 | വേണു. കെ.എം | 4205/29-3-18 |
| | 2(3) (1) | 38 | അഷറഫ് | 0875/28-6-18 |
| | 2(3) (2) | 111 | സത്യഭാമ | 0876/28-6-18 |
| | 2(3) (3) | 29 | പ്രഭാകരൻ | 0877/28-6-18 |
| | 2(3) (4) | 4 | പ്രഭാകരൻ | 0877/28-6-18 |
| | 2(3) (5) | 4 | തിലകൻ | 0878/28-6-18 |
| | 2(3) (6) | 12 | രതീഷ് | 0879/28-6-18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | ------NIL------ | | | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ | റവന്യൂ റിക്കവറി | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | തുക (രസീത് നമ്പർ/ തീയതി) | നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | തുക | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| വിവരങ്ങൾ ലഭ്യമല്ല | | | | | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| വിവരങ്ങൾ ലഭ്യമല്ല | | | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,36,49,607 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,57,65,794 |
| വരവിനങ്ങളിലുള്ള നഷ്ടം | 1750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20322 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1372408 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 900 | | ശ്രീമതി. ഷൈബ ഗോപാൽ, സെക്രട്ടറി |
| 2-6 | 850 | | “ |
| 3-19 | | 15391 | |
| 3-13 | | 4931 | |
| ആകെ | 1750 | 20322 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 (ii) | 2,98,530 | ശ്രീമതി. ഷൈബ ഗോപാൽ, സെക്രട്ടറി |
| 3-9 | 2,21,000 | “ |
| 3-16 | 85,550 | “ |
| 3-17 | 65,000 | “ |

| | | |
|---|---|---|
| 3-18 | 1,00,000 | “ |
| 3-4 (i) | 2,00,000 | ഡോ.ബൈജു.ഇ.കെ., വെറ്ററിനറി സർജൻ |
| 3-4 (ii) | 1,56,250 | “ |
| 3-20 (1) | 57,211 | ഡോ. ഇഷ ബ്രൂസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-20 (2) | 75,000 | “ |
| 3-20 (4) | 27,627 | “ |
| 3-20 (3) | 2,500 | “ |
| 3-21 | 83,740 | ഡോ. കവിത, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| ആകെ | 13,72,408 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷൈബ ഗോപാൽ, സെക്രട്ടറി | സെക്രട്ടറി | മാവേലിൽ വീട്, തൃക്കളത്തൂർ (പി.ഒ), കീഴില്ലം, എറണാകുളം ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84, 84-85 | | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമല്ല |
| 88-89, 89-90 | | ഖണ്ഡികകൾ 39, 17, 20 നിലനിൽക്കുന്നു |
| 90-91 | | 7(ജി),7(എച്ച്),(ഐ),(ജെ), 15, 16 നിലനിൽക്കുന്നു |
| 92-93 93-94 | | ഖണ്ഡികകൾ 9(ഡി),(ഇ), 1(ഐ),(ജെ) നിലനിൽക്കുന്നു |
| 94-95 | | ഖണ്ഡികകൾ 9(ഇ), എഫ്,(ജി),(എച്ച്) നിലനിൽക്കുന്നു |

| | | |
|---|---|---|
| 96-97 | എൽ.എഫ്.ടി.10-1404/01/02-02-02 | |
| 98-99 | എൽ.എഫ്.ടി.10-65/05/30-09-05 | |
| 99-00 | എൽ.എഫ്.ടി.10-66/05/30-09-05/21-11-05 | |
| 99-00 മുതൽ 2001-02 വരെ ജനകീയാസൂത്രണം | എൽ.എഫ്.ടി.10-1080/03/08-12-2003 /25-03-04 | |
| 2000-01 | എൽ.എഫ്.ടി.10-151/06/19-06-06 | |
| 01-02 | എൽ.എഫ്.ടി.10-150/06/29-08-06 /31-10-06 | |
| 02-03 | എൽ.എഫ്.ടി.10-152/07/08-10-07 | |
| 03-04 | എൽ.എഫ്.ടി.10-121/07-11-07/08-01-08 | |
| 04-05 | എൽ.എഫ്.ടി.10-1956/08/23-06-10 | |
| 05-06 | എൽ.എഫ്.ടി.10-1957/08/23-06-10 /17-08-10 | |
| 06-07 | എൽ.എഫ്.ടി.10-568/10/17-05-11/11-10-11 | |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി(പി2)-1619/12/18-03-13/ 02-08-13 | |
| 11-12 | എൽ.എഫ്.ടി.പി.6-913/13 തി.22-11-13/01.01.14 | |
| 12-13 | എൽ.എഫ്.ടി.പി.9-1442/14 തി.05-01-15/07-03-15 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി.9)1209/15/ 20.10.15/04.11.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി.9) 999/16 തി-24.06.2016 | |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ (പി.8) 1279/16 തി.01.11.2016 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)/1406/2017 തീയതി 14.09.2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | സംക്ഷിപ്തം (Audited Abstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ